പഠനം ഉപേക്ഷിച്ചവരുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ശരാശരിയേക്കാൾ ആറ് വാർഡുകൾ പിന്നാക്കാവസ്ഥ യിലാണ് നിൽക്കുന്നത്. (പട്ടിക 9, ചാർട്ട് 6).


* ജില്ലാ സംസ്ഥാന തലങ്ങളിൽ 18 വയസ്സിന് താഴെയുള്ളവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ 6–18 പ്രായത്തിലുള്ളവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും 18 വയസ്സിന് താഴെയുള്ളവരുടെ ജനസംഖ്യകൊണ്ട് വിശകലനം നടത്തു മ്പോൾ പാതിവഴിയിൽ പഠനം നിർത്തിയവരുടെ ശതമാനം മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ 1.69 ശതമാനമേയുള്ളൂ.

**പട്ടിക 9: പഠനം ഉപേക്ഷിച്ചവർ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | 6–18 വയസ്സിന് ഇടയിലുള്ളവരുടെ എണ്ണം | പഠനം ഉപേക്ഷിച്ചവർ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 23 | 0 | 0 |
| 2 | അപ്പാട് | 126 | 8 | 6.34 |
| 3 | മൈലമ്പാടി | 150 | 3 | 2 |
| 4 | സി.സി | 126 | 4 | 3.17 |
| 5 | ആവയൽ | 68 | 1 | 1.47 |
| 6 | കൊളഗപ്പാറ | 36 | 1 | 2.77 |
| 7 | റാട്ടക്കുണ്ട് | 27 | 0 | 0 |
| 8 | കൃഷ്ണഗിരി | 128 | 1 | 0.78 |
| 9 | ചീരാംകുന്ന് | 72 | 1 | 1.38 |
| 10 | വട്ടത്തുവയൽ | 44 | 1 | 2.27 |
| 11 | കാക്കവയൽ | 29 | 0 | 0 |
| 12 | കോലമ്പറ്റ | 95 | 1 | 1.05 |
| 13 | മീനങ്ങാടി | 77 | 3 | 3.89 |
| 14 | പുറക്കാടി | 60 | 3 | 5 |
| 15 | വേങ്ങൂർ | 69 | 0 | 0 |
| 16 | പന്നിമുണ്ട | 99 | 4 | 4.04 |
| 17 | കാപ്പിക്കുന്ന് | 206 | 6 | 2.91 |
| 18 | പാലയ്ക്കാമൂല | 77 | 1 | 1.29 |
| 19 | മണിവയൽ | 162 | 2 | 1.23 |
| | **ആകെ** | **1674** | **40** | **2.39** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 6: പഠനം ഉപേക്ഷിച്ചവർ – വാർഡ് അടിസ്ഥാനത്തിൽ (%)**




അവലംബം : പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം – 2008

### 2.4.3.2 പഠനം ഉപേക്ഷിച്ചവർ-സമുദായ അടിസ്ഥാനത്തിൽ


സമുദായ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പണിയൻ സമുദായത്തിലാണ് ഏറ്റവും കൂടുതൽ പേർ പഠനം ഉപേക്ഷിച്ചിട്ടുള്ളവരായിട്ട് കാണുന്നത്. കാട്ടുനായ്ക്കൻ, വെട്ടകുറുമൻ എന്നീ സമുദായങ്ങൾ ഗ്രാമപഞ്ചായത്ത് ശതമാനത്തെക്കാളും ഉയർന്ന് നിൽക്കുന്നു. (പട്ടിക 10, ചാർട്ട് 7).

**പട്ടിക 10: പഠനം ഉപേക്ഷിച്ചവർ-സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | 6-18 വയസ്സിന് ഇടയിലുള്ളവരുടെ എണ്ണം | പഠനം ഉപേക്ഷിച്ചവർ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 748 | 3 | 0.40 |
| 2 | പണിയൻ | 642 | 27 | 4.20 |
| 3 | കാട്ടുനായ്ക്കൻ | 210 | 8 | 3.80 |
| 4 | വെട്ടകുറുമൻ | 63 | 2 | 3.17 |
| 5 | കുറിച്ച്യൻ | 11 | 0 | 0 |
| | **ആകെ** | **1674** | **40** | **2.39** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം - 2008

**ചാർട്ട് 7: പഠനം ഉപേക്ഷിച്ചവർ-സമുദായ അടിസ്ഥാനത്തിൽ**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം - 2008

### 2.4.4 ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ

ദാരിദ്ര്യവും രക്ഷിതാക്കളുടെ അറിവില്ലായ്മയും കാരണം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗോത്രവർഗ്ഗ വിഭാഗങ്ങൾ പിന്നാക്കാവസ്ഥയിലാണ്. ജില്ലാ തലത്തിൽ ഉന്നത വിദ്യാഭ്യാസം നേടാത്തവർ 99.13 ശതമാനവും സംസ്ഥാനതലത്തിൽ 97.11 ശതമാനവുമാണ് (പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം വയനാട് ജില്ല - 2013). മീനങ്ങാടി പഞ്ചായത്തിൽ അത് 97.99 ശതമാനമാണ്.

### 2.4.4.1 ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ - വാർഡ് അടിസ്ഥാനത്തിൽ


വാർഡ് അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ 12 വാർഡുകളിൽ പഞ്ചായത്ത് നിരക്കിനേക്കാൾ കൂടിയ ശതമാനമാണ് ഉള്ളത്. ഉന്നതവിദ്യാഭ്യാസം തീരെ ലഭിക്കാത്ത 4 വാർഡുകൾ ഗ്രാമപഞ്ചായത്തിലുണ്ട്. (പട്ടിക 11, ചാർട്ട് 8).

**പട്ടിക 11: ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | 20 വയസ്സിന് മുകളിൽ ജനസംഖ്യ | ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 106 | 104 | 98.11 |
| 2 | അപ്പാട് | 375 | 370 | 98.67 |
| 3 | മൈലമ്പാടി | 399 | 395 | 99.00 |
| 4 | സി.സി | 386 | 375 | 97.15 |
| 5 | ആവയൽ | 231 | 228 | 98.70 |
| 6 | കൊളഗപ്പാറ | 96 | 96 | 100.00 |
| 7 | റാട്ടക്കുണ്ട് | 75 | 75 | 100.00 |
| 8 | കൃഷ്ണഗിരി | 498 | 487 | 97.79 |
| 9 | ചീരാംകുന്ന് | 185 | 184 | 99.46 |
| 10 | വട്ടത്തുവയൽ | 155 | 149 | 96.13 |
| 11 | കാക്കവയൽ | 92 | 92 | 100.00 |
| 12 | കോലമ്പറ്റ | 275 | 271 | 98.55 |
| 13 | മീനങ്ങാടി | 166 | 166 | 100.00 |
| 14 | പുറക്കാടി | 202 | 200 | 99.01 |
| 15 | വേങ്ങൂർ | 297 | 287 | 96.63 |
| 16 | പന്നിമുണ്ട | 288 | 282 | 97.92 |
| 17 | കാപ്പിക്കുന്ന് | 663 | 639 | 96.38 |
| 18 | പാലയ്ക്കാമൂല | 296 | 284 | 95.95 |
| 19 | മണിവയൽ | 478 | 473 | 98.95 |
|  | **ആകെ** | **5263** | **5157** | **97.99** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 8: ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ – വാർഡ് അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

#### 2.4.4.2 ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ –സമുദായ അടിസ്ഥാനത്തിൽ


സമുദായ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഗ്രാമപഞ്ചായത്തിൽ വെട്ടകുറുമൻ വിഭാഗത്തിൽപ്പെട്ട ആർക്കും തന്നെ ഉന്നത വിദ്യാഭ്യാസം ലഭിച്ചിട്ടില്ല. (പട്ടിക 12, ചാർട്ട് 9).

**പട്ടിക 12: ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ –സമുദായടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | 20 വയസ്സിന് മുകളിൽ ജനസംഖ്യ | ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ | ശതമാനം |
|---|---|---|---|---|
| 1 | പണിയൻ | 1597 | 1595 | 99.87 |
| 2 | കാട്ടുനായിക്കൻ | 519 | 518 | 99.81 |
| 3 | കുറിച്ച്യൻ | 33 | 31 | 93.94 |
| 4 | കുറുമൻ/മുള്ളകുറുമൻ | 2890 | 2789 | 96.51 |
| 5 | വെട്ടകുറുമൻ | 203 | 203 | 100.00 |
| 6 | മറ്റുള്ളവർ | 21 | 21 | 100.00 |
| | **ആകെ** | **5263** | **5157** | **97.99** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 9: ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ –സമുദായ അടിസ്ഥാനത്തിൽ**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.4.5 സാങ്കേതിക വിദ്യാഭ്യാസം ലഭിക്കാത്തവർ

സാങ്കേതിക വിദ്യാഭ്യാസം ഇല്ലാത്തവരുടെ എണ്ണം സംസ്ഥാന തലത്തിൽ 259247 പേരും (99.15 %) ജില്ലാതലത്തിൽ 96,894 പേരും (98.97%) ആണ് (പട്ടികവർഗ്ഗ വികസനപരിപ്രേക്ഷ്യം വയനാട് ജില്ല – 2013). ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശോധിച്ചാൽ 5,131 പേർ (97.49 %) സാങ്കേതിക വിദ്യാഭ്യാസം ലഭിക്കാത്തവരായി ഉണ്ടെന്ന് കാണാം.

#### 2.4.5.1 സാങ്കേതിക വിദ്യാഭ്യാസം ലഭിക്കാത്തവർ – വാർഡ് അടിസ്ഥാനത്തിൽ


വാർഡ് തലത്തിൽ പരിശോധിക്കുമ്പോൾ പാലയ്ക്കമൂല, വേങ്ങൂർ വാർഡുകളിൽ മറ്റ് വാർഡുകളെ അപേക്ഷിച്ച് മെച്ചപ്പെട്ട അവസ്ഥയാണ് ഉള്ളത്. എന്നാൽ കൊളഗപ്പാറ, വട്ടത്തുവയൽ എന്നീ വാർഡുകളിൽ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച ആരും തന്നെ ഇല്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മറ്റ് വാർഡുകൾ പഞ്ചായത്ത് ശതമാനത്തോട് അടുത്ത് നിൽക്കുന്നു. (പട്ടിക 13, ചാർട്ട് 10).

**പട്ടിക 13: സാങ്കേതിക വിദ്യാഭ്യാസം ലഭിക്കാത്തവർ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | 20 വയസ്സിന് മുകളിൽ ജനസംഖ്യ | സാങ്കേതിക വിദ്യാ-ഭ്യാസം ലഭിക്കാത്തവർ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 106 | 103 | 97.17 |
| 2 | അപ്പാട് | 375 | 370 | 98.67 |
| 3 | മൈലമ്പാടി | 399 | 394 | 98.75 |
| 4 | സി.സി | 386 | 378 | 97.93 |
| 5 | ആവയൽ | 231 | 227 | 98.27 |
| 6 | കൊളഗപ്പാറ | 96 | 96 | 100.00 |
| 7 | റാട്ടക്കുണ്ട് | 75 | 74 | 98.67 |
| 8 | കൃഷ്ണഗിരി | 498 | 482 | 96.79 |
| 9 | ചീരാംകുന്ന് | 185 | 182 | 98.38 |
| 10 | വട്ടത്തുവയൽ | 155 | 155 | 100.00 |
| 11 | കാക്കവയൽ | 92 | 90 | 97.83 |
| 12 | കോലമ്പറ്റ | 275 | 270 | 98.18 |
| 13 | മീനങ്ങാടി | 166 | 163 | 98.19 |
| 14 | പുറക്കാടി | 202 | 193 | 95.54 |
| 15 | വേങ്ങൂർ | 297 | 273 | 91.92 |
| 16 | പന്നിമുണ്ട | 288 | 285 | 98.96 |
| 17 | കാപ്പിക്കുന്ന് | 663 | 650 | 98.04 |
| 18 | പാലയ്ക്കാമൂല | 296 | 273 | 92.23 |
| 19 | മണിവയൽ | 478 | 473 | 98.95 |
| | **ആകെ** | **5263** | **5131** | **97.49** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 10: സാങ്കേതിക വിദ്യാഭ്യാസം ലഭിക്കാത്തവർ – വാർഡ് അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.4.5.2 സാങ്കേതിക വിദ്യാഭ്യാസം ലഭിക്കാത്തവർ-സമുദായ അടിസ്ഥാനത്തിൽ


സമുദായ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കുറുമൻ സമുദായത്തിൽപ്പെട്ടവർ ഒഴികെയുള്ളവർ ഗ്രാമപഞ്ചായത്ത് ശതമാനത്തെക്കാൾ ഉയർന്നു നിൽക്കുന്നതായി കാണാം. (പട്ടിക 14, ചാർട്ട് 11).

**പട്ടിക 14: സാങ്കേതിക വിദ്യാഭ്യാസം ലഭിക്കാത്തവർ-സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | 20 വയസ്സിന് മുകളിൽ ജനസംഖ്യ | സാങ്കേതിക വിദ്യാഭ്യാസം ലഭിക്കാത്തവർ | ശതമാനം |
|---|---|---|---|---|
| 1 | പണിയൻ | 1597 | 1591 | 99.62 |
| 2 | കാട്ടുനായിക്കൻ | 519 | 516 | 99.42 |
| 3 | കുറിച്ച്യൻ | 33 | 33 | 100.00 |
| 4 | കുറുമൻ/മുള്ളകുറുമൻ | 2890 | 2768 | 95.78 |
| 5 | വെട്ടകുറുമൻ | 203 | 202 | 99.51 |
| 6 | മററുള്ളവർ | 21 | 21 | 100.00 |
| | **ആകെ** | **5263** | **5131** | **97.49** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം - 2008

**ചാർട്ട് 11: സാങ്കേതിക വിദ്യാഭ്യാസം ലഭിക്കാത്തവർ-സമുദായ അടിസ്ഥാനത്തിൽ**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം - 2008

### 2.5 ആരോഗ്യം

അടിസ്ഥാന ആവശ്യങ്ങളുടെ പട്ടികയിൽ പെടുത്തേണ്ടുന്ന മേഖലയാണ് ആരോഗ്യം. ലോക ശ്രദ്ധ നേടിയ കേരള മോഡൽ നടപ്പിലായ നമ്മുടെ സംസ്ഥാനത്ത്, തിരിച്ച് വരുന്ന പകർച്ച വ്യാധികളും വർദ്ധിച്ച് വരുന്ന ജീവിതശൈലിരോഗങ്ങളും വെല്ലുവിളി ഉയർത്തിക്കൊണ്ടിരിക്കുകയാണ്. ഗോത്രവർഗ്ഗ മേഖലയെടുത്ത് പരിശോധിക്കുമ്പോൾ ആരോഗ്യ നിലവാരത്തിലും ആയുർദൈർഘ്യത്തിലും പൊതുസമൂഹത്തെ അപേക്ഷിച്ച് ഇവർ പുറകിലാണെന്ന് കാണാം.

ആരോഗ്യസ്ഥിതി വിശകലനം ചെയ്യുന്നതിനായി നിത്യരോഗികൾ, ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ എന്നീ സൂചകങ്ങളാണ് അടിസ്ഥാനമാക്കിയത്.

### 2.5.1 നിത്യരോഗികൾ

വയനാട് ജില്ലയിൽ നിത്യരോഗികളുടെ എണ്ണം 7.98 ശതമാനമാണ് (പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം വയനാട് - 2013) മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ അത് 8.32 ശതമാനവുമാണ്.

### 2.5.2 നിത്യരോഗികൾ - വാർഡ് അടിസ്ഥാനത്തിൽ


പഞ്ചായത്തിൽ ആകെ നിത്യരോഗികളുടെ എണ്ണം 645 (8.32%) ആണ്. പഞ്ചായത്തിലെ സ്ഥിതി ജില്ല ശരാശരിയേക്കാൾ കൂടുതലാണ്. വാർഡിലെ സ്ഥിതി പരിശോധിക്കുമ്പോൾ പത്ത് വാർഡുകളിലും പഞ്ചായത്ത് ശതമാനത്തേക്കാൾ നിത്യരോഗികളുടെ എണ്ണം ഉയർന്ന് നിൽക്കുന്നു. ഇതിൽ അഞ്ച് വാർഡുകളിലെ അവസ്ഥ പത്ത് ശതമാനത്തിന് മുകളിലാണ്. (പട്ടിക 15, ചാർട്ട് 12).

**പട്ടിക 15: നിത്യരോഗികൾ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | ജനസംഖ്യ | നിത്യരോഗികൾ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 145 | 9 | 6.20 |
| 2 | അപ്പാട് | 570 | 22 | 3.85 |
| 3 | മൈലമ്പാടി | 622 | 51 | 8.19 |
| 4 | സി.സി | 562 | 31 | 5.55 |
| 5 | ആവയൽ | 330 | 28 | 8.48 |
| 6 | കൊളഗപ്പാറ | 153 | 20 | 13.07 |
| 7 | റാട്ടക്കുണ്ട് | 118 | 15 | 12.71 |
| 8 | കൃഷ്ണഗിരി | 695 | 114 | 16.40 |
| 9 | ചീരാംകുന്ന് | 291 | 20 | 6.87 |
| 10 | വട്ടത്തുവയൽ | 221 | 12 | 5.42 |
| 11 | കാക്കവയൽ | 144 | 15 | 10.40 |
| 12 | കോലമ്പറ്റ | 415 | 44 | 10.6 |
| 13 | മീനങ്ങാടി | 267 | 38 | 14.23 |
| 14 | പുറക്കാടി | 295 | 25 | 8.47 |
| 15 | വേങ്ങൂർ | 406 | 35 | 8.62 |
| 16 | പന്നിമുണ്ട | 430 | 17 | 3.95 |
| 17 | കാപ്പിക്കുന്ന് | 963 | 51 | 5.29 |
| 18 | പാലയ്ക്കാമൂല | 404 | 64 | 15.84 |
| 19 | മണിവയൽ | 720 | 34 | 4.72 |
| | **ആകെ** | **7751** | **645** | **8.32** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 12: നിത്യരോഗികൾ – വാർഡ് അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.5.2.1 നിത്യരോഗികൾ - സമുദായ അടിസ്ഥാനത്തിൽ


സമുദായ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കുറുമൻ വിഭാഗത്തിലെ നിത്യരോഗികളുടെ ശതമാനം മറ്റു സമുദായങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. (പട്ടിക 16, ചാർട്ട് 13).

**പട്ടിക 16: നിത്യരോഗികൾ - സമുദായ അടിസ്ഥാനത്തിൽ (%)**

| ക്രമ നമ്പർ | സമുദായം | ജനസംഖ്യ | നിത്യരോഗികൾ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 145 | 9 | 6.20 |
| 1 | കുറുമൻ | 4010 | 356 | 8.87 |
| 2 | പണിയൻ | 2529 | 211 | 8.34 |
| 3 | കാട്ടുനായ്ക്കൻ | 845 | 46 | 5.44 |
| 4 | വെട്ടകുറുമൻ | 295 | 23 | 7.79 |
| 5 | കുറിച്യൻ | 51 | 3 | 5.88 |
| 6 | മറ്റുള്ളവർ | 21 | 6 | 28.00 |
| | | **7751** | **645** | **8.32** |

അവലംബം : പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008

**ചാർട്ട് 13: നിത്യരോഗികൾ - സമുദായ അടിസ്ഥാനത്തിൽ**




അവലംബം : പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008

### 2.5.3 ഭിന്നശേഷി ഉള്ളവർ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ജില്ലയിൽ 3.07 ശതമാനവും സംസ്ഥാന ശരാശരി 4.71 ശതമാനവുമാണ് (പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം വയനാട് - 2013). എന്നാൽ മീനങ്ങാടിയിലെ ഭിന്നശേഷിയുള്ളവരുടെ എണ്ണം 559 ഉം ശതമാനം 7.21 ഉം ആണ് .

### 2.5.3.1 ഭിന്നശേഷി ഉള്ളവർ - വാർഡ് അടിസ്ഥാനത്തിൽ


വാർഡ് അടിസ്ഥാനത്തിൽ വിശകലനം നടത്തുമ്പോൾ 8 വാർഡുകൾ പഞ്ചായത്ത് ശരാശരിയേക്കാൾ മുകളിൽ നിൽക്കുന്നു. ഏറ്റവും കൂടുതൽ ഭിന്നശേഷിയുള്ളവർ കൃഷ്ണഗിരി വാർഡിലാണ് (12.81%). എന്നാൽ ശതമാന കണക്കിൽ പരിശോധിക്കുമ്പൾ പാലയ്ക്കാമൂല വാർഡിലാണ് ഏറ്റവും കൂടുതൽ ഭിന്നശേഷിക്കാരുള്ളത് (16.09%) (പട്ടിക 17, ചാർട്ട് 14).

പട്ടിക 17: ഭിന്നശേഷി ഉള്ളവർ – വാർഡ് അടിസ്ഥാനത്തിൽ

| ക്രമ നമ്പർ | വാർഡ് | ജനസംഖ്യ | ഭിന്നശേഷിയുള്ളവർ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 145 | 3 | 2.07 |
| 2 | അപ്പാട് | 570 | 8 | 1.40 |
| 3 | മൈലമ്പാടി | 622 | 28 | 4.50 |
| 4 | സി.സി | 562 | 32 | 5.69 |
| 5 | ആവയൽ | 330 | 32 | 9.70 |
| 6 | കൊളഗപ്പാറ | 153 | 24 | 15.69 |
| 7 | റാട്ടക്കുണ്ട് | 118 | 18 | 15.25 |
| 8 | കൃഷ്ണഗിരി | 695 | 89 | 12.81 |
| 9 | ചീരാംകുന്ന് | 291 | 20 | 6.87 |
| 10 | വട്ടത്തുവയൽ | 221 | 11 | 4.98 |
| 11 | കാക്കവയൽ | 144 | 14 | 9.72 |
| 12 | കോലമ്പറ്റ | 415 | 45 | 10.84 |
| 13 | മീനങ്ങാടി | 267 | 37 | 13.86 |
| 14 | പുറക്കാടി | 295 | 19 | 6.44 |
| 15 | വേങ്ങൂർ | 406 | 28 | 6.90 |
| 16 | പന്നിമുണ്ട | 430 | 18 | 4.19 |
| 17 | കാപ്പിക്കുന്ന് | 963 | 37 | 3.84 |
| 18 | പാലയ്ക്കാമൂല | 404 | 65 | 16.09 |
| 19 | മണിവയൽ | 720 | 31 | 4.31 |
| | **ആകെ** | **7751** | **559** | **7.21** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

ചാർട്ട് 14: ഭിന്നശേഷി ഉള്ളവർ – വാർഡ് അടിസ്ഥാനത്തിൽ (%)




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

#### 2.5.3.2 ഭിന്നശേഷിയുള്ളവർ - സമുദായ അടിസ്ഥാനത്തിൽ


വെട്ടകുറുമൻ വിഭാഗക്കാരിൽ ഭിന്നശേഷി കൂടുതലായി കാണപ്പെടുന്നു. ഇവരുടെ ശതമാനം പഞ്ചായത്ത് ശരാശരിയേക്കാൾ ഉയർന്നു നില്ക്കുന്നു. (പട്ടിക 18, ചാർട്ട് 15).

**പട്ടിക 18: ഭിന്നശേഷിയുള്ളവർ - സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | ജനസംഖ്യ | ഭിന്നശേഷിയുള്ളവർ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 4010 | 300 | 7.48 |
| 2 | പണിയൻ | 2529 | 192 | 7.59 |
| 3 | കാട്ടുനായ്ക്കൻ | 845 | 38 | 4.50 |
| 4 | വെട്ടകുറുമൻ | 295 | 23 | 7.80 |
| 5 | കുറിച്ച്യൻ | 51 | 3 | 5.88 |
| 6 | മറ്റുള്ളവർ | 21 | 3 | 14.29 |
| | **ആകെ** | **7751** | **559** | **7.21** |

അവലംബം : പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008

**ചാർട്ട് 15: ഭിന്നശേഷിയുള്ളവർ - സമുദായ അടിസ്ഥാനത്തിൽ**




അവലംബം : പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008

#### 2.5.4 വയോജനങ്ങൾ

വയോജന ജനസംഖ്യ ജില്ലയിൽ 7.76 ശതമാനവും സംസ്ഥാനത്ത് 8.20 ശതമാനവും ആണ് (പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം വയനാട് - 2013) . മീനങ്ങാടിയിലെ വയോജനങ്ങളുടെ ശതമാനം ജില്ല - സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് (8.44 ശതമാനം).

#### 2.5.4.1 വയോജനങ്ങൾ - വാർഡ് അടിസ്ഥാനത്തിൽ


പഞ്ചായത്ത് ശരാശരിയോട് താരതമ്യം ചെയ്യുമ്പോൾ 9 വാർഡുകളിൽ വയോജന ശരാശരി കൂടുതലാണ്. ഏറ്റവും കുറവ് വയോജന ജനസംഖ്യ ശതമാനം ഉള്ളത് ചൂതുപാറ വാർഡിലും, കൂടുതൽ ഉള്ളത് കാക്കവയൽ വാർഡിലും ആണ്. (പട്ടിക 19, ചാർട്ട് 16).

### പട്ടിക 19: വയോജനങ്ങൾ – വാർഡ് അടിസ്ഥാനത്തിൽ

| ക്രമ നമ്പർ | വാർഡ് | ജനസംഖ്യ | വയോജനങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 145 | 8 | 5.52 |
| 2 | അപ്പാട് | 570 | 43 | 7.54 |
| 3 | മൈലമ്പാടി | 622 | 55 | 8.84 |
| 4 | സി.സി | 562 | 47 | 8.36 |
| 5 | ആവയൽ | 330 | 36 | 10.91 |
| 6 | കൊളഗപ്പാറ | 153 | 10 | 6.54 |
| 7 | റാട്ടക്കുണ്ട് | 118 | 7 | 5.93 |
| 8 | കൃഷ്ണഗിരി | 695 | 71 | 10.22 |
| 9 | ചീരാംകുന്ന് | 291 | 22 | 7.56 |
| 10 | വട്ടത്തുവയൽ | 221 | 22 | 9.95 |
| 11 | കാക്കവയൽ | 144 | 16 | 11.11 |
| 12 | കോലമ്പറ്റ | 415 | 39 | 9.40 |
| 13 | മീനങ്ങാടി | 267 | 24 | 8.99 |
| 14 | പുറക്കാടി | 295 | 28 | 9.49 |
| 15 | വേങ്ങൂർ | 406 | 34 | 8.37 |
| 16 | പന്നിമുണ്ട | 430 | 34 | 7.91 |
| 17 | കാപ്പിക്കുന്ന് | 963 | 62 | 6.44 |
| 18 | പാലയ്ക്കാമൂല | 404 | 42 | 10.40 |
| 19 | മണിവയൽ | 720 | 54 | 7.50 |
| | **ആകെ** | **7751** | **654** | **8.44** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### ചാർട്ട് 16 : വയോജനങ്ങൾ – വാർഡ് അടിസ്ഥാനത്തിൽ (%)




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.5.4.2 വയോജനങ്ങൾ – സമുദായ അടിസ്ഥാനത്തിൽ


കുറുമൻ, കുറിച്ച്യൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളുടെ വയോജന സംഖ്യാ ഗ്രാമപഞ്ചായത്ത് തലത്തേക്കാൾ കുറവാണ്. (പട്ടിക 20, ചാർട്ട് 17).

**പട്ടിക 20: വയോജനങ്ങൾ – സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | ജനസംഖ്യ | വയോജനങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 4010 | 333 | 8.30 |
| 2 | പണിയൻ | 2529 | 225 | 8.90 |
| 3 | കാട്ടുനായ്ക്കൻ | 845 | 57 | 6.75 |
| 4 | വെട്ടകുറുമൻ | 295 | 34 | 11.53 |
| 5 | കുറിച്ച്യൻ | 51 | 4 | 7.84 |
| 6 | മറ്റുള്ളവർ | 21 | 1 | 4.76 |
| | **ആകെ** | **7751** | **654** | **8.44** |

അവലംബം : പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം – 2008

**ചാർട്ട് 17: വയോജനങ്ങൾ – സമുദായ അടിസ്ഥാനത്തിൽ**




അവലംബം : പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം – 2008

## 2.6 തൊഴിലും വരുമാനവും

ഒരു സമൂഹത്തിന്റെ പുരോഗതിയെ അളക്കുന്നതിനുള്ള അളവുകോൽ അവിടുത്തെ ദാരിദ്ര്യത്തിന്റെ രൂക്ഷതയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിലൂടെ മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാകൂ. ഉല്പാദനപരമായ തൊഴിലും മികച്ച തൊഴിൽ സാഹചര്യവുമാണ് ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ പ്രധാന ഘടകങ്ങൾ. ഗോത്രവർഗ്ഗ വിഭാഗങ്ങൾ പ്രധാനമായും കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകളെ ആശ്രയിച്ചാണ് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നത് .

തൊഴിലും വരുമാനവും മേഖലയുടെ അവസ്ഥാ വിശകലനത്തിനായി വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ, സർക്കാർ ജോലിയുള്ളവർ, സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ, സ്ഥിര വരുമാനം ഇല്ലാത്തവർ എന്നീ സൂചകങ്ങളാണ് ഉപയോഗിക്കുന്നത്.

### 2.6.1 തൊഴിൽരഹിതർ

18 വയസ്സിനും 45 വയസ്സിനും ഇടയിലുള്ള തൊഴിൽ ഇല്ലാത്തവരെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനതലത്തിൽ തൊഴിൽ ഇല്ലാത്തവർ 13.67 ശതമാനവും, ജില്ലാതലത്തിൽ 14.70 ശതമാനവും ആണ് (പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം വയനാട് – 2013). എന്നാൽ ഇത് മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ 19.86 ശതമാനമാണ്.

### 2.6.1.1 തൊഴിൽ രഹിതർ – വാർഡ് അടിസ്ഥാനത്തിൽ


പഞ്ചായത്ത് ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ വട്ടത്തുവയൽ വാർഡിലാണ് തൊഴിൽ രഹിതർ ഏറ്റവും കൂടുതൽ ഉള്ളത് (38.39 ശതമാനം). ഏറ്റവും കുറവ് മൈലമ്പാടി വാർഡിലാണ് (9.57 ശതമാനം). (പട്ടിക 21, ചാർട്ട് 18).

**പട്ടിക 21: തൊഴിൽ രഹിതർ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | ജനസംഖ്യ (18–45 വയസ്സ്) | തൊഴിൽ രഹിതർ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 77 | 8 | 10.39 |
| 2 | അപ്പാട് | 278 | 36 | 12.95 |
| 3 | മൈലമ്പാടി | 303 | 29 | 9.57 |
| 4 | സി.സി | 291 | 59 | 20.27 |
| 5 | ആവയൽ | 185 | 22 | 11.89 |
| 6 | കൊളഗപ്പാറ | 79 | 18 | 22.78 |
| 7 | റാട്ടക്കുണ്ട് | 61 | 18 | 29.51 |
| 8 | കൃഷ്ണഗിരി | 353 | 78 | 22.10 |
| 9 | ചീരാംകുന്ന് | 139 | 52 | 37.41 |
| 10 | വട്ടത്തുവയൽ | 112 | 43 | 38.39 |
| 11 | കാക്കവയൽ | 77 | 19 | 24.68 |
| 12 | കോലമ്പറ്റ | 210 | 33 | 15.71 |
| 13 | മീനങ്ങാടി | 130 | 19 | 14.62 |
| 14 | പുറക്കാടി | 155 | 49 | 31.61 |
| 15 | വേങ്ങൂർ | 213 | 57 | 26.76 |
| 16 | പന്നിമുണ്ട | 224 | 43 | 19.20 |
| 17 | കാപ്പിക്കുന്ന് | 511 | 77 | 15.07 |
| 18 | പാലയ്ക്കാമൂല | 204 | 25 | 12.25 |
| 19 | മണിവയൽ | 385 | 107 | 27.79 |
| | **ആകെ** | **3987** | **792** | **19.86** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 18: തൊഴിൽ രഹിതർ – വാർഡ് അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.6.1.2 തൊഴിൽ രഹിതർ - സമുദായ അടിസ്ഥാനത്തിൽ


പട്ടികവർഗ്ഗ സമുദായങ്ങൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കുറിച്ച്യൻ സമുദായത്തിന്റെ തൊഴിൽ രാഹിത്യ ത്തിന്റെ ശരാശരി പഞ്ചായത്ത് ശരാശരിയേക്കാളും, മറ്റ് സമുദായങ്ങളുടെ ശരാശരിയേക്കാളും കൂടുതലാണ്. (പ ട്ടിക 22, ചാർട്ട് 19).

**പട്ടിക 22: തൊഴിൽ രഹിതർ - സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | ജനസംഖ്യ (18-45 വയസ്സ്) | തൊഴിൽ രഹിതർ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 77 | 8 | 10.39 |
| 1 | കുറുമൻ | 2161 | 456 | 21.10 |
| 2 | പണിയൻ | 1244 | 255 | 20.50 |
| 3 | കാട്ടുനായ്ക്കൻ | 400 | 56 | 14.00 |
| 4 | വെട്ടകുറുമൻ | 144 | 17 | 11.81 |
| 5 | കുറിച്ച്യൻ | 24 | 6 | 25.00 |
| 6. | മറ്റുള്ളവർ | 14 | 2 | 14.29 |
| | **ആകെ** | **3987** | **792** | **19.86** |

അവലംബം : പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008

**ചാർട്ട് 19: തൊഴിൽ രഹിതർ - സമുദായ അടിസ്ഥാനത്തിൽ (%)**




അവലംബം : പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008

### 2.6.2 വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ

എസ്.എസ്.എൽ.സി.യും അതിന് മുകളിലും വിദ്യാഭ്യാസയോഗ്യതയുള്ള തൊഴിൽ രഹിതരെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ഇവരുടെ ശതമാനം 35.86 ആണ്.

### 2.6.2.1 വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ - വാർഡ് അടിസ്ഥാനത്തിൽ


ഗ്രാമപഞ്ചായത്തിലെ ഒൻപത് വാർഡുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ പഞ്ചായത്ത് ശരാശരിയേക്കാൾ കൂടുതലാണ്. (പട്ടിക 23, ചാർട്ട് 20).

**പട്ടിക 23: വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | തൊഴിൽ രഹിതർ (18–45 വയസ്സ്) | വിദ്യാഭ്യാസ യോഗ്യത യുള്ള തൊഴിൽ രഹിതർ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 8 | 7 | 87.50 |
| 2 | അപ്പാട് | 36 | 14 | 38.89 |
| 3 | മൈലമ്പാടി | 29 | 10 | 34.48 |
| 4 | സി.സി | 59 | 16 | 27.12 |
| 5 | ആവയൽ | 22 | 6 | 27.27 |
| 6 | കൊളഗപ്പാറ | 18 | 2 | 11.11 |
| 7 | റാട്ടക്കുണ്ട് | 18 | 1 | 5.56 |
| 8 | കൃഷ്ണഗിരി | 78 | 28 | 35.90 |
| 9 | ചീരാംകുന്ന് | 52 | 7 | 13.46 |
| 10 | വട്ടത്തുവയൽ | 43 | 14 | 32.56 |
| 11 | കാക്കവയൽ | 19 | 7 | 36.84 |
| 12 | കോലമ്പറ്റ | 33 | 13 | 39.39 |
| 13 | മീനങ്ങാടി | 19 | 5 | 26.32 |
| 14 | പുറക്കാടി | 49 | 29 | 59.18 |
| 15 | വേങ്ങൂർ | 57 | 28 | 49.12 |
| 16 | പന്നിമുണ്ട | 43 | 9 | 20.93 |
| 17 | കാപ്പിക്കുന്ന് | 77 | 40 | 51.95 |
| 18 | പാലയ്ക്കാമൂല | 25 | 17 | 68.00 |
| 19 | മണിവയൽ | 107 | 31 | 28.97 |
| | **ആകെ** | **792** | **284** | **35.86** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 20: വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ – വാർഡ് അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.6.2.2 വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ – സമുദായ അടിസ്ഥാനത്തിൽ


വിദ്യാഭ്യാസയോഗ്യതയുള്ള തൊഴിൽ രഹിതരുടെ എണ്ണത്തിൽ കുറുമൻ വിഭാഗം മുന്നിൽ നിൽക്കുന്നു. (പട്ടിക 24, ചാർട്ട് 21).

**പട്ടിക 24: വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ – സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | ജനസംഖ്യ (18–45 വയസ്സ്) | വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 456 | 257 | 56.36 |
| 2 | പണിയൻ | 255 | 21 | 8.24 |
| 3 | കാട്ടുനായ്ക്കൻ | 56 | 5 | 8.93 |
| 4 | വെട്ടകുറുമൻ | 17 | 0 | 0 |
| 5 | കുറിച്ച്യൻ | 6 | 1 | 16.6 |
| | മറ്റുള്ളവർ | 2 | 0 | 0 |
| | **ആകെ** | **792** | **284** | **35.86** |

അവലംബം : പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം – 2008

**ചാർട്ട് 21: വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ – സമുദായ അടിസ്ഥാനത്തിൽ**




അവലംബം : പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം – 2008

### 2.6.3 സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ

സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതരെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ഇവരുടെ ശതമാനം 5.30 ആണ്.

### 2.6.3.1 സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ – വാർഡ് അടിസ്ഥാനത്തിൽ


വേങ്ങൂർ വാർഡിലാണ് സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ ഏറ്റവും കൂടുതൽ ഉള്ളത്. 22.81 ശതമാനം. (പട്ടിക 25, ചാർട്ട് 22).

**പട്ടിക 25: സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | തൊഴിൽ രഹിതർ (18–45 വയസ്സ്) | 18–45 വയസ്സിന് ഇടയിൽ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 8 | 0 | 0 |
| 2 | അപ്പാട് | 36 | 2 | 5.56 |
| 3 | മൈലമ്പാടി | 29 | 0 | 0 |
| 4 | സി.സി | 59 | 5 | 8.47 |
| 5 | ആവയൽ | 22 | 0 | 0 |
| 6 | കൊളഗപ്പാറ | 18 | 0 | 0 |
| 7 | റാട്ടക്കുണ്ട് | 18 | 1 | 5.56 |
| 8 | കൃഷ്ണഗിരി | 78 | 7 | 8.97 |
| 9 | ചീരാംകുന്ന് | 52 | 1 | 1.92 |
| 10 | വട്ടത്തുവയൽ | 43 | 0 | 0 |
| 11 | കാക്കവയൽ | 19 | 1 | 5.26 |
| 12 | കോലമ്പറ്റ | 33 | 2 | 6.06 |
| 13 | മീനങ്ങാടി | 19 | 0 | 0 |
| 14 | പുറക്കാടി | 49 | 4 | 8.16 |
| 15 | വേങ്ങൂർ | 57 | 13 | 22.81 |
| 16 | പന്നിമുണ്ട | 43 | 1 | 2.33 |
| 17 | കാപ്പിക്കുന്ന് | 77 | 0 | 0 |
| 18 | പാലയ്ക്കാമൂല | 25 | 3 | 12.00 |
| 19 | മണിവയൽ | 107 | 2 | 1.87 |
|  | **ആകെ** | **792** | **42** | **5.30** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 22: സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ – വാർഡ് അടിസ്ഥാനത്തിൽ**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.6.3.2 സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ – സമുദായ അടിസ്ഥാനത്തിൽ


സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതരുടെ എണ്ണത്തിൽ കുറുമൻ വിഭാഗം മുന്നിൽ നിൽക്കുന്നു. (പട്ടിക 26, ചാർട്ട് 23).

**പട്ടിക 26: സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ – സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | തൊഴിൽ രഹിതർ (18–45 വയസ്സ്) | 18–45 വയസ്സിന് ഇടയിൽ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 456 | 38 | 8.33 |
| 2 | പണിയൻ | 255 | 4 | 1.57 |
| 3 | കാട്ടുനായ്ക്കൻ | 56 | 0 | 0 |
| 4 | വെട്ടകുറുമൻ | 17 | 0 | 0 |
| 5 | കുറിച്ച്യൻ | 6 | 0 | 0 |
| | മറ്റുള്ളവർ | 2 | 0 | 0 |
| | **ആകെ** | **792** | **42** | **5.30** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 23 : സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ – സമുദായ അടിസ്ഥാനത്തിൽ**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.6.4 സ്ഥിരവരുമാനം ഇല്ലാത്തവർ

18 വയസ്സിനും 55 വയസ്സിനും ഇടയിലുള്ള സ്ഥിരമായി തൊഴിലും വരുമാനവും ഇല്ലാത്തവരെയാണ് സ്ഥിരവരുമാനം ഇല്ലാത്തവരായി കണക്കാക്കിയിരിക്കുന്നത്.

### 2.6.4.1 സ്ഥിരവരുമാനം ഇല്ലാത്തവർ – വാർഡ് അടിസ്ഥാനത്തിൽ


മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരിൽ സ്ഥിരവരുമാനം ഇല്ലാത്തവർ 93.66 ശതമാനം ആണ്. വാർഡ് അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പഞ്ചായത്ത് ശരാശരിയേക്കാൾ നിരക്ക് കൂടുതലുള്ള 11 വാർഡുകളാണ് ഉള്ളത്. (പട്ടിക 27, ചാർട്ട് 24).

### പട്ടിക 27: സ്ഥിരവരുമാനം ഇല്ലാത്തവർ – വാർഡ് അടിസ്ഥാനത്തിൽ

| ക്രമ നമ്പർ | വാർഡ് | ജനസംഖ്യ (18–55) | സ്ഥിരവരുമാനമില്ലാത്തവർ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 100 | 88 | 88.00 |
| 2 | അപ്പാട് | 342 | 321 | 93.86 |
| 3 | മൈലമ്പാടി | 356 | 338 | 94.94 |
| 4 | സി.സി | 348 | 335 | 96.26 |
| 5 | ആവയൽ | 201 | 194 | 96.52 |
| 6 | കൊളഗപ്പാറ | 95 | 94 | 98.95 |
| 7 | റാട്ടക്കുണ്ട് | 70 | 70 | 100.00 |
| 8 | കൃഷ്ണഗിരി | 433 | 394 | 90.99 |
| 9 | ചീരാംകുന്ന് | 168 | 160 | 95.24 |
| 10 | വട്ടത്തുവയൽ | 133 | 122 | 91.73 |
| 11 | കാക്കവയൽ | 84 | 80 | 95.24 |
| 12 | കോലമ്പറ്റ | 247 | 241 | 97.57 |
| 13 | മീനങ്ങാടി | 149 | 145 | 97.32 |
| 14 | പുറക്കാടി | 179 | 158 | 88.27 |
| 15 | വേങ്ങൂർ | 269 | 242 | 89.96 |
| 16 | പന്നിമുണ്ട | 262 | 245 | 93.51 |
| 17 | കാപ്പിക്കുന്ന് | 606 | 567 | 93.56 |
| 18 | പാലയ്ക്കാമൂല | 249 | 223 | 89.56 |
| 19 | മണിവയൽ | 441 | 415 | 94.10 |
| | **ആകെ** | **4732** | **4432** | **93.66** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### ചാർട്ട് 24: സ്ഥിരവരുമാനം ഇല്ലാത്തവർ – വാർഡ് അടിസ്ഥാനത്തിൽ (%)




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.6.4.2 സ്ഥിരവരുമാനം ഇല്ലാത്തവർ - സമുദായ അടിസ്ഥാനത്തിൽ


പണിയൻ, കാട്ടുനായ്ക്കൻ, വെട്ടകുറുമൻ എന്നീ സമുദായങ്ങളിൽ സ്ഥിരവരുമാനം ഇല്ലാത്തവരുടെ ശരാശരി പഞ്ചായത്ത് ശരാശരിയായ 93.66 നേക്കാൾ കൂടുതലാണ് (പട്ടിക 28, ചാർട്ട് 25).

**പട്ടിക 28: സ്ഥിരവരുമാനം ഇല്ലാത്തവർ - സമുദായ അടിസ്ഥാനത്തിൽ (%)**

| ക്രമ നമ്പർ | സമുദായം | ജനസംഖ്യ (18–55 വയസ്സ്) | സ്ഥിരവരുമാനം ഇല്ലാത്തവർ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 2593 | 2317 | 89.36 |
| 2 | പണിയൻ | 1444 | 1434 | 99.31 |
| 3 | കാട്ടുനായ്ക്കൻ | 474 | 473 | 99.79 |
| 4 | വെട്ടകുറുമൻ | 173 | 167 | 96.53 |
| 5 | കുറിച്ച്യൻ | 28 | 21 | 75.00 |
| | മറ്റുള്ളവർ | 20 | 20 | 100.00 |
| | **ആകെ** | **4732** | **4432** | **93.66** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം - 2008

**ചാർട്ട് 25: സ്ഥിരവരുമാനം ഇല്ലാത്തവർ - സമുദായ അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം - 2008

### 2.7 അടിസ്ഥാന സൗകര്യങ്ങൾ

അടിസ്ഥാന സൗകര്യ വികസനത്തിന് സാമൂഹ്യപുരോഗതിയിൽ വലിയ പ്രാധാന്യമാണുള്ളത്. അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യം തുടങ്ങിയവ ഉറപ്പാക്കുന്നതിലൂടെ മാത്രമേ ഈ മേഖലയിലെ പുരോഗതി സാധ്യമാകൂ.

അടിസ്ഥാന സൗകര്യ മേഖലയിലെ ഇല്ലായ്മകൾ വിലയിരുത്താനായി ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടംബങ്ങൾ, സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർ, വൈദ്യുതി ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുബങ്ങൾ, കക്കൂസ് ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ, പാതിവഴിയിൽ നിർമ്മാണം നിലച്ച വീടുകൾ എന്നീ സൂചകങ്ങളാണ് ഉപയോഗിച്ചത്.

### 2.7.1 ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ

ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെ നിരക്ക് സംസ്ഥാനത്ത് 54.13 ശതമാനവും ജില്ലയിൽ 53.13 ശതമാനവുമാണ് (പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം വയനാട് - 2013). പഞ്ചായത്ത് തലത്തിൽ ഇത് 52.37 ശതമാനമാണ്.

### 2.7.1.1 ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ- വാർഡ് അടിസ്ഥാനത്തിൽ


വാർഡ്തലത്തിൽ പരിശോധിക്കുമ്പോൾ അപ്പാട്, മൈലമ്പാടി, സി.സി., കൊളഗപ്പാറ, ചീരാംകുന്ന്, വട്ടത്തുവയൽ, പന്നിമുണ്ട, കാപ്പിക്കുന്ന് വാർഡുകളിൽ ഇതിന്റെ നിരക്ക് പഞ്ചായത്ത് ശരാശരിയെക്കാൾ കൂടുതലാണ്. (പട്ടിക 29, ചാർട്ട് 26).

**പട്ടിക 29: ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | കുടുംബങ്ങളുടെ എണ്ണം | ജീർണ്ണാവസ്ഥയിൽ വീടുള്ള കുടുംബങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 37 | 19 | 51.35 |
| 2 | അപ്പാട് | 154 | 107 | 69.48 |
| 3 | മൈലമ്പാടി | 129 | 70 | 54.26 |
| 4 | സി.സി | 149 | 86 | 57.72 |
| 5 | ആവയൽ | 81 | 29 | 35.80 |
| 6 | കൊളഗപ്പാറ | 19 | 10 | 52.63 |
| 7 | റാട്ടക്കുണ്ട് | 46 | 24 | 52.17 |
| 8 | കൃഷ്ണഗിരി | 171 | 87 | 50.88 |
| 9 | ചീരാംകുന്ന് | 72 | 39 | 54.17 |
| 10 | വട്ടത്തുവയൽ | 52 | 31 | 59.62 |
| 11 | കാക്കവയൽ | 35 | 10 | 28.57 |
| 12 | കോലമ്പറ്റ | 98 | 51 | 52.04 |
| 13 | മീനങ്ങാടി | 56 | 28 | 50.00 |
| 14 | പുറക്കാടി | 64 | 30 | 46.88 |
| 15 | വേങ്ങൂർ | 100 | 52 | 52.00 |
| 16 | പന്നിമുണ്ട | 94 | 64 | 68.09 |
| 17 | കാപ്പിക്കുന്ന് | 225 | 120 | 53.33 |
| 18 | പാലയ്ക്കാമൂല | 98 | 46 | 46.94 |
| 19 | മണിവയൽ | 174 | 68 | 39.08 |
| | **ആകെ** | **1854** | **971** | **52.37** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 26: ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ – വാർഡ് അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.7.1.2 ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ - സമുദായ അടിസ്ഥാനത്തിൽ


സമുദായാടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ പണിയൻ, കാട്ടുനായ്ക്കൻ, വെട്ടകുറുമൻ വിഭാഗങ്ങൾ പഞ്ചായത്ത് ശരാശരിയേക്കാൾ കുടൂതൽ ആണെന്നു കാണാം. (പട്ടിക 30, ചാർട്ട് 27).

**പട്ടിക 30: ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ - സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | കുടുംബങ്ങളുടെ എണ്ണം | ജീർണ്ണാവസ്ഥയിൽ വീടുള്ള കുടുംബങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 953 | 415 | 43.55 |
| 2 | പണിയൻ | 587 | 349 | 59.45 |
| 3 | കാട്ടുനായ്ക്കൻ | 221 | 147 | 66.52 |
| 4 | വെട്ടകുറുമൻ | 81 | 54 | 66.67 |
| 5 | കുറിച്ച്യൻ | 12 | 6 | 50.00 |
| | **ആകെ** | **1854** | **971** | **52.37** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം - 2008

**ചാർട്ട് 27: ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ- സമുദായ അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം - 2008

### 2.7.2 സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവരുടെ നിരക്ക് സംസ്ഥാനതലത്തിൽ 9.60 ശതമാനവും, ജില്ലാ തലത്തിൽ 10.95 ശതമാനവും ആണ് (പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം വയനാട് - 2013). മീനങ്ങാടിയിൽ ഇത് 5.12 ശതമാനം ആണ്.

### 2.7.2.1 സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ - വാർഡ് അടിസ്ഥാനത്തിൽ


വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണത്തിൽ പഞ്ചായത്തിലെ 10 വാർഡുകളും പഞ്ചായത്ത് ശരാശരിയേക്കാൾ ഉയർന്ന് നിൽക്കുന്നു. (പട്ടിക 31, ചാർട്ട് 28).

**പട്ടിക 31: സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | കുടുംബങ്ങളുടെ എണ്ണം | സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 37 | 1 | 2.70 |
| 2 | അപ്പാട് | 154 | 6 | 3.90 |
| 3 | മൈലമ്പാടി | 129 | 8 | 6.20 |
| 4 | സി.സി | 149 | 4 | 2.68 |
| 5 | ആവയൽ | 81 | 0 | 0 |
| 6 | കൊളഗപ്പാറ | 19 | 0 | 0 |
| 7 | റാട്ടക്കുണ്ട് | 46 | 1 | 2.17 |
| 8 | കൃഷ്ണഗിരി | 171 | 9 | 5.26 |
| 9 | ചീരാംകുന്ന് | 72 | 9 | 12.50 |
| 10 | വട്ടത്തുവയൽ | 52 | 0 | 0 |
| 11 | കാക്കവയൽ | 35 | 6 | 17.14 |
| 12 | കോലമ്പറ്റ | 98 | 6 | 6.12 |
| 13 | മീനങ്ങാടി | 56 | 2 | 3.57 |
| 14 | പുറക്കാടി | 64 | 4 | 6.25 |
| 15 | വേങ്ങൂർ | 100 | 8 | 8.00 |
| 16 | പന്നിമുണ്ട | 94 | 6 | 6.38 |
| 17 | കാപ്പിക്കുന്ന് | 225 | 3 | 1.33 |
| 18 | പാലയ്ക്കാമൂല | 98 | 8 | 8.16 |
| 19 | മണിവയൽ | 174 | 14 | 8.05 |
| | **ആകെ** | **1854** | **95** | **5.12** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 28: സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ – വാർഡ് അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.7.2.2 സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ – സമുദായ അടിസ്ഥാനത്തിൽ


സമുദായാടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ കുറിച്യ വിഭാഗത്തിലാണ് കൂടുതലായി ഉള്ളത് (25%). പണിയൻ, കാട്ടുനായ്ക്കൻ, വെട്ടകുറുമൻ, എന്നീ വിഭാഗങ്ങൾ പഞ്ചായത്ത് ശരാശരിയേക്കാളും ഉയർന്നു നിൽക്കുന്നതായി കാണാം (പട്ടിക 32, ചാർട്ട് 29).

**പട്ടിക 32: സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ – സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | കുടുംബങ്ങളുടെ എണ്ണം | സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 953 | 29 | 3.04 |
| 2 | പണിയൻ | 587 | 44 | 7.50 |
| 3 | കാട്ടുനായ്ക്കൻ | 221 | 14 | 6.33 |
| 4 | വെട്ടകുറുമൻ | 81 | 5 | 6.17 |
| 5 | കുറിച്ച്യൻ | 12 | 3 | 25.00 |
| | **ആകെ** | **1854** | **95** | **5.12** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 29: സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ – സമുദായ അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.7.3 വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ

വൈദ്യുതിയുടെ ലഭ്യത ഈ കാലഘട്ടത്തിൽ വികസന നിലവാരം അളക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു. വിദ്യാഭ്യാസം ഉൾപ്പെടെയുള്ള പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വൈദ്യുതിയുടെ ലഭ്യത ഒരു പ്രധാന ഘടകമാണ്. വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങളുടെ സംസ്ഥാന നിരക്ക് 56.59 ശതമാനവും ജില്ലാ നിരക്ക് 60.01 ശതമാനവും ആണ് (പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം വയനാട് – 2013). എന്നാൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ഇത് 50.49 ശതമാനമാണ്.

### 2.7.3.1 വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ – വാഡ് അടിസ്ഥാനത്തിൽ


അപ്പാട്, മൈലമ്പാടി, കൊളഗപ്പാറ, റാട്ടക്കുണ്ട്, ചീരാംകുന്ന്, കാക്കവയൽ, മീനങ്ങാടി, കാപ്പിക്കുന്ന്, മണിവയൽ വാർഡുകളിൽ വൈദ്യുതി ലഭിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത് ശരാശരിയെക്കാൾ മുകളിൽ നിൽക്കുന്നു. (പട്ടിക 33, ചാർട്ട് 30). കൊളഗപ്പാറ വാർഡിലാണ് വാർഡിലാണ് ഏറ്റവും കൂടുതൽ പ്രശ്ന രൂക്ഷത ഉള്ളത് (89.47).

**പട്ടിക 33: വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | കുടുംബങ്ങളുടെ എണ്ണം | വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 37 | 12 | 32.43 |
| 2 | അപ്പാട് | 154 | 116 | 75.32 |
| 3 | മൈലമ്പാടി | 129 | 94 | 72.87 |
| 4 | സി.സി | 149 | 69 | 46.31 |
| 5 | ആവയൽ | 81 | 29 | 35.80 |
| 6 | കൊളഗപ്പാറ | 19 | 17 | 89.47 |
| 7 | റാട്ടക്കുണ്ട് | 46 | 38 | 82.61 |
| 8 | കൃഷ്ണഗിരി | 171 | 79 | 46.20 |
| 9 | ചീരാംകുന്ന് | 72 | 47 | 65.28 |
| 10 | വട്ടത്തുവയൽ | 52 | 9 | 17.31 |
| 11 | കാക്കവയൽ | 35 | 21 | 60.00 |
| 12 | കോലമ്പറ്റ | 98 | 38 | 38.78 |
| 13 | മീനങ്ങാടി | 56 | 36 | 64.29 |
| 14 | പുറക്കാടി | 64 | 21 | 32.81 |
| 15 | വേങ്ങൂർ | 100 | 26 | 26.00 |
| 16 | പന്നിമുണ്ട | 94 | 45 | 47.87 |
| 17 | കാപ്പിക്കുന്ന് | 225 | 118 | 52.44 |
| 18 | പാലയ്ക്കാമൂല | 98 | 33 | 33.67 |
| 19 | മണിവയൽ | 174 | 88 | 50.57 |
| | **ആകെ** | **1854** | **936** | **50.49** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 30: വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ – വാർഡ് അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.7.3.2 വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ – സമുദായ അടിസ്ഥാനത്തിൽ


പണിയൻ, കാട്ടുനായ്ക്കൻ, വെട്ടക്കുറുമൻ വിഭാഗങ്ങളിലുള്ള കുടുംബങ്ങൾ പഞ്ചായത്ത് ശരാശരിയേക്കാൾ മുകളിൽ നിൽക്കുന്നതായി കാണുന്നു. (പട്ടിക 34, ചാർട്ട് 31).

**പട്ടിക 34: വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ – സമുദായടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | കുടുംബങ്ങളുടെ എണ്ണം | വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 953 | 209 | 21.93 |
| 2 | പണിയൻ | 587 | 478 | 81.43 |
| 3 | കാട്ടുനായ്ക്കൻ | 221 | 182 | 82.35 |
| 4 | വെട്ടകുറുമൻ | 81 | 63 | 77.78 |
| 5 | കുറിച്ച്യൻ | 12 | 4 | 33.33 |
| | **ആകെ** | **1854** | **936** | **50.49** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

**ചാർട്ട് 31: വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ – സമുദായ അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.7.4 കക്കൂസ് ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ

കക്കൂസ് ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെ നിരക്ക് സംസ്ഥാനതലത്തിൽ 47.75 ശതമാനവും ജില്ലാ ശരാശരി 45.17 ശതമാനവുമാണ് (പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം വയനാട് – 2013). മീനങ്ങാടിയിൽ ഇത് 28.48 ശതമാനവുമാണ്.

### 2.7.4.1 കക്കൂസ് ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം – വാർഡ് അടിസ്ഥാനത്തിൽ


വാർഡ് അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പഞ്ചായത്ത് ശരാശരിയേക്കാൾ ഉയർന്ന് നിൽക്കുന്ന ആറ് വാർഡുകളാണ് (പട്ടിക 35, ചാർട്ട് 32). സി.സി. വാർഡിൽ പകുതിയിലേറെ കുടുംബങ്ങൾ താമസിക്കുന്നത് കക്കൂസ് ഇല്ലാത്ത വീടുകളിലാണ്.

പട്ടിക 35: കക്കൂസ് ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ – വാർഡ് അടിസ്ഥാനത്തിൽ

| ക്രമ നമ്പർ | വാർഡ് | കുടുംബങ്ങളുടെ എണ്ണം | കക്കൂസ് ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 37 | 4 | 10.81 |
| 2 | അപ്പാട് | 154 | 55 | 35.71 |
| 3 | മൈലമ്പാടി | 129 | 37 | 28.68 |
| 4 | സി.സി | 149 | 76 | 51.01 |
| 5 | ആവയൽ | 81 | 21 | 25.93 |
| 6 | കൊളഗപ്പാറ | 19 | 4 | 21.05 |
| 7 | റാട്ടക്കുണ്ട് | 46 | 7 | 15.22 |
| 8 | കൃഷ്ണഗിരി | 171 | 36 | 21.05 |
| 9 | ചീരാംകുന്ന് | 72 | 28 | 38.89 |
| 10 | വട്ടത്തുവയൽ | 52 | 5 | 9.62 |
| 11 | കാക്കവയൽ | 35 | 10 | 28.57 |
| 12 | കോലമ്പറ്റ | 98 | 23 | 23.47 |
| 13 | മീനങ്ങാടി | 56 | 13 | 23.21 |
| 14 | പുറക്കാടി | 64 | 10 | 15.63 |
| 15 | വേങ്ങൂർ | 100 | 21 | 21.00 |
| 16 | പന്നിമുണ്ട | 94 | 21 | 22.34 |
| 17 | കാപ്പിക്കുന്ന് | 225 | 87 | 38.67 |
| 18 | പാലയ്ക്കാമൂല | 98 | 23 | 23.47 |
| 19 | മണിവയൽ | 174 | 47 | 27.01 |
|  | **ആകെ** | **1854** | **528** | **28.48** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

ചാർട്ട് 32: കക്കൂസ് ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ – വാർഡ് അടിസ്ഥാനത്തിൽ (%)




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം – 2008

### 2.7.4.2 കക്കൂസ് ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ - സമുദായ അടിസ്ഥാനത്തിൽ


പണിയൻ, കാട്ടുനായ്ക്കൻ, വെട്ടക്കുറുമൻ സമുദായങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ നിരക്ക് പഞ്ചായത്ത് ശരാശരിയേക്കാൾ മുകളിൽ നിൽക്കുന്നു. (പട്ടിക 36, ചാർട്ട് 33).

**പട്ടിക 36: കക്കൂസ് ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ - സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | കുടുംബങ്ങളുടെ എണ്ണം | കക്കൂസ് ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 953 | 171 | 17.94 |
| 2 | പണിയൻ | 587 | 220 | 37.48 |
| 3 | കാട്ടുനായ്ക്കൻ | 221 | 114 | 51.58 |
| 4 | വെട്ടകുറുമൻ | 81 | 21 | 25.93 |
| 5 | കുറിച്ച്യൻ | 12 | 2 | 16.67 |
| | **ആകെ** | **1854** | **528** | **28.48** |

അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം - 2008

**ചാർട്ട് 33: കക്കൂസ് ഇല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ - സമുദായ അടിസ്ഥാനത്തിൽ (%)**




അവലംബം: പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരണശേഖരണം - 2008

### 2.7.5 പാതിവഴിയിൽ നിർമ്മാണം നിലച്ച വീടുകൾ

ഗോത്ര വർഗ്ഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതികളിൽ ഏറ്റവും പ്രധാന പ്രശ്നമാണ് പാതിവഴിയിൽ നിർമ്മാണം നിലച്ചിട്ടുള്ള വീടുകൾ. ഇടനിലക്കാരുടെ ഈ രംഗത്തുള്ള ചൂഷണമാണ് ഇതിനുള്ള പ്രധാന കാരണം.

### 2.7.5.1 പണി പൂർത്തീകരിക്കാത്ത വീടുകൾ - വാർഡ് അടിസ്ഥാനത്തിൽ


വാർഡ് അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ മണിവയൽ വാർഡിലാണ് (26 എണ്ണം) ഏറ്റവും കൂടുതൽ വീടുകൾ പൂർത്തീകരിക്കാനുള്ളത്. (പട്ടിക 37, ചാർട്ട് 34).

**പട്ടിക 37: പണി പൂർത്തീകരിക്കാത്ത വീടുകൾ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | ആകെ വീടുകളുടെ എണ്ണം | പണി പൂർത്തീകരിക്കാത്ത വീടുകൾ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 37 | 2 | 5.41 |
| 2 | അപ്പാട് | 154 | 5 | 3.25 |
| 3 | മൈലമ്പാടി | 129 | 21 | 16.28 |
| 4 | സി.സി | 149 | 4 | 2.68 |
| 5 | ആവയൽ | 81 | 1 | 1.23 |
| 6 | കൊളഗപ്പാറ | 19 | 0 | 0 |
| 7 | റാട്ടക്കുണ്ട് | 46 | 3 | 6.52 |
| 8 | കൃഷ്ണഗിരി | 171 | 2 | 1.17 |
| 9 | ചീരാംകുന്ന് | 72 | 6 | 8.33 |
| 10 | വട്ടത്തുവയൽ | 52 | 3 | 5.77 |
| 11 | കാക്കവയൽ | 35 | 4 | 11.43 |
| 12 | കോലമ്പറ്റ | 98 | 1 | 1.02 |
| 13 | മീനങ്ങാടി | 56 | 2 | 3.57 |
| 14 | പുറക്കാടി | 64 | 9 | 14.06 |
| 15 | വേങ്ങൂർ | 100 | 3 | 3.00 |
| 16 | പന്നിമുണ്ട | 94 | 17 | 18.09 |
| 17 | കാപ്പിക്കുന്ന് | 225 | 16 | 7.11 |
| 18 | പാലയ്ക്കാമൂല | 98 | 3 | 3.06 |
| 19 | മണിവയൽ | 174 | 26 | 14.94 |
|  | **ആകെ** | **1854** | **128** | **6.90** |

അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ – 2014

**ചാർട്ട് 34: പണി പൂർത്തീകരിക്കാത്ത വീടുകൾ – വാർഡ് അടിസ്ഥാനത്തിൽ (%)**




അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ – 2014

**2.7.5.2 പണി പൂർത്തീകരിക്കാത്ത വീടുകൾ - സമുദായ അടിസ്ഥാനത്തിൽ**


സമുദായ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പണിയൻ സമുദായത്തിലാണ് പൂർത്തീകരിക്കാത്ത വീടുകൾ ഏറ്റവും കൂടുതലുള്ളത്. 12 കുടുംബങ്ങൾ മാത്രമുള്ള കുറിച്ച്യൻ വിഭാഗത്തിൽ 7 വീടുകൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. (പട്ടിക 38, ചാർട്ട് 35).

**പട്ടിക 38: പണി പൂർത്തീകരിക്കാത്ത വീടുകൾ - സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | ആകെ വീടുകളുടെ എണ്ണം | പണി പൂർത്തീകരിക്കാത്ത വീടുകൾ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 953 | 31 | 3.25 |
| 2 | പണിയൻ | 587 | 67 | 11.41 |
| 3 | കാട്ടുനായ്ക്കൻ | 221 | 13 | 5.88 |
| 4 | വെട്ടകുറുമൻ | 81 | 10 | 12.35 |
| 5 | കുറിച്ച്യൻ | 12 | 7 | 58.33 |
| | **ആകെ** | **1854** | **128** | **6.90** |

അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014

**ചാർട്ട് 35: പണി പൂർത്തീകരിക്കാനുള്ള വീടുകൾ - സമുദായ അടിസ്ഥാനത്തിൽ (%)**




അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014

**2.8 സാമൂഹ്യ സുരക്ഷിതത്വം**

ഒരു പ്രദേശത്തിന്റെയും ജനതയുടേയും വികസനം അവിടുത്തെ സാമൂഹ്യസുരക്ഷിതത്വത്തിന്റെയും സാമൂഹ്യക്ഷേമത്തിന്റെയും കൂടി നിലവാരത്തെ ആശ്രയിച്ചാണിരിക്കുന്നത്. പ്രത്യേകിച്ച് വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമം വളരെയധികം പ്രാധാന്യമർഹിക്കുന്നു. ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ ഈ വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്.

സാമൂഹ്യ സുരക്ഷിതത്വ നിലവാരമളക്കുന്നതിന് അവിവാഹിത അമ്മമാർ, വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ, പ്രായപൂർത്തിയായ പെൺമക്കൾ ഉള്ള ഒറ്റപ്പെട്ട അമ്മമാർ, അനാഥകുട്ടികൾ, ഭിന്നശേഷിയുള്ളവർ, സംരക്ഷിക്കാനാളില്ലാത്ത വയോജനങ്ങൾ എന്നീ സൂചകങ്ങളാണ് ഉപയോഗിച്ചത്.

**2.8.1 അവിവാഹിത അമ്മമാർ**

ഗോത്രവർഗ്ഗ വിഭാഗങ്ങളിലെ സ്ത്രീകൾ നേരിടുന്ന കൊടും ചൂഷണത്തിന്റെ ജീവിച്ചിരിക്കുന്ന ഇരകളാണ് അവിവാഹിത അമ്മമാർ. ഇവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം സമൂഹത്തിനുണ്ട്.

**2.8.1.1 അവിവാഹിത അമ്മമാർ - വാർഡ അടിസ്ഥാനത്തിൽ**


അവിവാഹിത അമ്മമാരുടെ എണ്ണം പഞ്ചായത്ത് തലത്തിൽ 16 ആണ്. വാർഡ് തലത്തിൽ ഏറ്റവും കൂടുതൽ അവിവാഹിത അമ്മമാരുള്ളത് അപ്പാട് വാർഡിലാണ്. (പട്ടിക 39, ചാർട്ട് 36).

**പട്ടിക 39: അവിവാഹിത അമ്മമാർ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | സ്ത്രീകൾ (18–45 വയസ്സ് ) | അവിവാഹിത അമ്മമാർ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 36 | 0 | 0 |
| 2 | അപ്പാട് | 141 | 9 | 6.38 |
| 3 | മൈലമ്പാടി | 161 | 4 | 2.48 |
| 4 | സി.സി | 145 | 0 | 0 |
| 5 | ആവയൽ | 102 | 0 | 0 |
| 6 | കൊളഗപ്പാറ | 42 | 0 | 0 |
| 7 | റാട്ടക്കുണ്ട് | 30 | 0 | 0 |
| 8 | കൃഷ്ണഗിരി | 182 | 0 | 0 |
| 9 | ചീരാംകുന്ന് | 72 | 0 | 0 |
| 10 | വട്ടത്തുവയൽ | 57 | 0 | 0 |
| 11 | കാക്കവയൽ | 37 | 1 | 2.70 |
| 12 | കോലമ്പറ്റ | 118 | 0 | 0 |
| 13 | മീനങ്ങാടി | 67 | 0 | 0 |
| 14 | പുറക്കാടി | 73 | 0 | 0 |
| 15 | വേങ്ങൂർ | 109 | 1 | 0.92 |
| 16 | പന്നിമുണ്ട | 117 | 0 | 0 |
| 17 | കാപ്പിക്കുന്ന് | 259 | 0 | 0 |
| 18 | പാലയ്ക്കാമൂല | 95 | 0 | 0 |
| 19 | മണിവയൽ | 199 | 1 | 0.50 |
| | **ആകെ** | **2042** | **16** | **0.78** |

അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ – 2014

**ചാർട്ട് 36: അവിവാഹിത അമ്മമാർ – വാർഡ അടിസ്ഥാനത്തിൽ (%)**




അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ – 2014

### 2.8.1.2 അവിവാഹിത അമ്മമാർ – സമുദായ അടിസ്ഥാനത്തിൽ


സമുദായ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ പണിയൻ, കാട്ടുനായ്ക്കൻ, വെട്ടക്കുറുമൻ വിഭാഗത്തിലെ അവിവാഹിത അമ്മമാരുടെ ശരാശരി പഞ്ചായത്ത് ശരാശരിക്കാൾ മുകളിലാണ്. പണിയൻ വിഭാഗത്തിലാണ് ഏറ്റവും കൂടുതൽ അവിവാഹിത അമ്മമാരുള്ളത്. (പട്ടിക 40, ചാർട്ട് 37).

**പട്ടിക 40: അവിവാഹിത അമ്മമാർ – സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | സ്ത്രീകൾ (18–45 വയസ്സ്) | അവിവാഹിത അമ്മമാർ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 1084 | 1 | 0.09 |
| 2 | പണിയൻ | 653 | 8 | 1.23 |
| 3 | കാട്ടുനായ്ക്കൻ | 211 | 6 | 2.84 |
| 4 | വെട്ടകുറുമൻ | 75 | 1 | 1.33 |
| 5 | കുറിച്ച്യൻ | 14 | 0 | 0 |
| | മറ്റുള്ളവർ | 5 | 0 | 0 |
| | **ആകെ** | **2042** | **16** | **0.78** |

അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ – 2014

**ചാർട്ട് 37: അവിവാഹിത അമ്മമാർ – സമുദായ അടിസ്ഥാനത്തിൽ (%)**




അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ – 2014

### 2.8.2 വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ

ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ കൂടുതൽ പ്രയാസപ്പെടുന്നവരാണ് വിധവകളും ഉപേക്ഷിക്കപ്പെട്ടവരും. ഒറ്റപ്പെട്ടുപോയ ഇവരുടെ പ്രശ്നങ്ങൾ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതുണ്ട്.

### 2.8.2.1 വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ – വാർഡ് അടിസ്ഥാനത്തിൽ


വിധവകളുടെയും ഉപേക്ഷിക്കപ്പെട്ടവരുടെയും എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ 455 ആണ്. വാർഡ് അടിസ്ഥാനത്തിലെ നിരക്കുകൾ വിശകലനം ചെയ്യുമ്പോൾ 11 വാർഡുകളിലും പഞ്ചായത്ത് നിരക്കിനേക്കാൾ മുകളിലാണ്. (പട്ടിക 41, ചാർട്ട് 38).

പട്ടിക 41: വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ – വാർഡ് അടിസ്ഥാനത്തിൽ

| ക്രമ നമ്പർ | വാർഡ് | സ്ത്രീകൾ (18–45 വയസ്സ് ) | വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 36 | 12 | 33.33 |
| 2 | അപ്പാട് | 141 | 36 | 25.53 |
| 3 | മൈലമ്പാടി | 161 | 36 | 22.36 |
| 4 | സി.സി | 145 | 31 | 21.38 |
| 5 | ആവയൽ | 102 | 18 | 17.65 |
| 6 | കൊളഗപ്പാറ | 42 | 6 | 14.29 |
| 7 | റാട്ടക്കുണ്ട് | 30 | 13 | 43.33 |
| 8 | കൃഷ്ണഗിരി | 182 | 20 | 10.99 |
| 9 | ചീരാംകുന്ന് | 72 | 24 | 33.33 |
| 10 | വട്ടത്തുവയൽ | 57 | 20 | 35.09 |
| 11 | കാക്കവയൽ | 37 | 10 | 27.03 |
| 12 | കോലമ്പറ്റ | 118 | 3 | 2.54 |
| 13 | മീനങ്ങാടി | 67 | 7 | 10.45 |
| 14 | പുറക്കാടി | 73 | 15 | 20.55 |
| 15 | വേങ്ങൂർ | 109 | 42 | 38.53 |
| 16 | പന്നിമുണ്ട | 117 | 36 | 30.77 |
| 17 | കാപ്പിക്കുന്ന് | 259 | 38 | 14.67 |
| 18 | പാലയ്ക്കാമൂല | 95 | 27 | 28.42 |
| 19 | മണിവയൽ | 199 | 61 | 30.65 |
| | **ആകെ** | **2042** | **455** | **22.28** |

അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ – 2014

ചാർട്ട് 38: വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ – വാർഡ് അടിസ്ഥാനത്തിൽ %)




അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ – 2014

### 2.8.2.2 വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ - സമുദായ അടിസ്ഥാനത്തിൽ


കാട്ടുനായ്ക്കൻ, പണിയൻ വിഭാഗങ്ങൾ ഈ വിഷയത്തിൽ പഞ്ചായത്ത് ശരാശരിയേക്കാൾ മുകളിൽ നിൽക്കുന്നതായി കാണാം (പട്ടിക 42, ചാർട്ട് 39).

**പട്ടിക 42: വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ - സമുദായ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | സമുദായം | സ്ത്രീകൾ (18-45 വയസ്സ് ) | വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 1084 | 197 | 18.17 |
| 2 | പണിയൻ | 653 | 179 | 27.41 |
| 3 | കാട്ടുനായ്ക്കൻ | 211 | 61 | 28.91 |
| 4 | വെട്ടകുറുമൻ | 75 | 15 | 20.00 |
| 5 | കുറിച്ച്യൻ | 14 | 3 | 21.43 |
| 6 | മറ്റുള്ളവർ | 5 | 0 | 0 |
| | **ആകെ** | **2042** | **455** | **22.28** |

അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014

**ചാർട്ട് 39: വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ - സമുദായ അടിസ്ഥാനത്തിൽ (%)**




അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014

### 2.8.3 സംരക്ഷിക്കാനാളില്ലാത്ത കുട്ടികൾ

സംരക്ഷിക്കാനാളില്ലാത്ത കുട്ടികളെയാണ് ഈ വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്ത്തലത്തിൽ ഇവരുടെ എണ്ണം 15 ഉം, ശതമാനം 0.74 ഉം ആണ്.

### 2.8.3.1 സംരക്ഷിക്കാനാളില്ലാത്ത കുട്ടികൾ - വാർഡ് അടിസ്ഥാനത്തിൽ


സംരക്ഷിക്കാനാളില്ലാത്ത കുട്ടികളുടെ എണ്ണം പഞ്ചായത്ത് തലത്തിൽ 0.74 ശതമാനമാണ്. വാർഡ് അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ സംരക്ഷിക്കാനാളില്ലാത്ത കുട്ടികളുള്ളത് മണിവയൽ വാർഡിലാണ് 10 ശതമാനം പേർ. (പട്ടിക 43, ചാർട്ട് 40).

**പട്ടിക 43: സംരക്ഷിക്കാൻ ആളില്ലാത്ത കുട്ടികൾ – വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | 0–15 വയസ്സിന് ഇടയിലുള്ളവർ | സംരക്ഷിക്കാൻ ആളില്ലാത്ത കുട്ടികൾ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 30 | 0 | 0 |
| 2 | അപ്പാട് | 49 | 0 | 0 |
| 3 | മൈലമ്പാടി | 41 | 0 | 0 |
| 4 | സി.സി | 113 | 0 | 0 |
| 5 | ആവയൽ | 81 | 0 | 0 |
| 6 | കൊളഗപ്പാറ | 73 | 0 | 0 |
| 7 | റാട്ടക്കുണ്ട് | 88 | 0 | 0 |
| 8 | കൃഷ്ണഗിരി | 124 | 1 | 0.81 |
| 9 | ചീരാംകുന്ന് | 249 | 0 | 0 |
| 10 | വട്ടത്തുവയൽ | 96 | 1 | 1.04 |
| 11 | കാക്കവയൽ | 190 | 0 | 0 |
| 12 | കോലമ്പറ്റ | 148 | 4 | 2.70 |
| 13 | മീനങ്ങാടി | 189 | 0 | 0 |
| 14 | പുറക്കാടി | 145 | 0 | 0 |
| 15 | വേങ്ങൂർ | 81 | 0 | 0 |
| 16 | പന്നിമുണ്ട | 36 | 0 | 0 |
| 17 | കാപ്പിക്കുന്ന് | 38 | 0 | 0 |
| 18 | പാലയ്ക്കാമൂല | 156 | 0 | 0 |
| 19 | മണിവയൽ | 90 | 9 | 10.00 |
| | **ആകെ** | **2017** | **15** | **0.74** |

അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ – 2014

**ചാർട്ട് 40: സംരക്ഷിക്കാനാളില്ലാത്ത കുട്ടികൾ – വാർഡ് അടിസ്ഥാനത്തിൽ (%)**




അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ – 2014

### 2.8.5 സംരക്ഷിക്കാൻ ആളില്ലാത്ത വയോജനങ്ങൾ

ആരും സംരക്ഷിക്കാനില്ലാത്ത ഒറ്റപ്പെട്ട് പോയ വയോജനങ്ങൾ പഞ്ചായത്ത് തലത്തിൽ 4.59 ശതമാനമാണ്.

#### 2.8.5.1 സംരക്ഷിക്കാൻ ആളില്ലാത്ത വയോജനങ്ങൾ- വാർഡ് അടിസ്ഥാനത്തിൽ


വാർഡ് അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പേരുള്ളത് വട്ടത്തുവയൽ വാർഡിലാണ്. (22.73 ശതമാനം). ഏഴ് വാർഡുകളിലെ ശരാശരി പഞ്ചായത്ത് ശരാശരിയേക്കാൾ കൂടുതലാണ്. (പട്ടിക 44, ചാർട്ട് 41).

**പട്ടിക 44: സംരക്ഷിക്കാൻ ആളില്ലാത്ത വയോജനങ്ങൾ- വാർഡ് അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വാർഡ് | 60 വയസ്സിന് മുകളിലുള്ളവർ | സംരക്ഷിക്കാൻ ആളില്ലാത്ത വയോജനങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | ചൂതുപാറ | 8 | 0 | 0 |
| 2 | അപ്പാട് | 43 | 0 | 0 |
| 3 | മൈലമ്പാടി | 55 | 3 | 5.45 |
| 4 | സി.സി | 47 | 3 | 6.38 |
| 5 | ആവയൽ | 36 | 0 | 0 |
| 6 | കൊളഗപ്പാറ | 10 | 0 | 0 |
| 7 | റാട്ടക്കുണ്ട് | 7 | 0 | 0 |
| 8 | കൃഷ്ണഗിരി | 71 | 2 | 2.82 |
| 9 | ചീരാംകുന്ന് | 22 | 4 | 18.18 |
| 10 | വട്ടത്തുവയൽ | 22 | 5 | 22.73 |
| 11 | കാക്കവയൽ | 16 | 3 | 18.75 |
| 12 | കോലമ്പറ്റ | 39 | 0 | 0 |
| 13 | മീനങ്ങാടി | 24 | 0 | 0 |
| 14 | പുറക്കാടി | 28 | 1 | 3.57 |
| 15 | വേങ്ങൂർ | 34 | 1 | 2.94 |
| 16 | പന്നിമുണ്ട | 34 | 1 | 2.94 |
| 17 | കാപ്പിക്കുന്ന് | 62 | 1 | 1.61 |
| 18 | പാലയ്ക്കാമൂല | 42 | 3 | 7.14 |
| 19 | മണിവയൽ | 54 | 3 | 5.56 |
| | **ആകെ** | **654** | **30** | **4.59** |

അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014

ചാർട്ട് 41: സംരക്ഷിക്കാൻ ആളില്ലാത്ത വയോജനങ്ങൾ- വാർഡ് അടിസ്ഥാനത്തിൽ (%)




അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014

### 2.8.5.2 സംരക്ഷിക്കാൻ ആളില്ലാത്ത വയോജനങ്ങൾ-സമുദായ അടിസ്ഥാനത്തിൽ


ഏറ്റവും കൂടുതൽ സംരക്ഷിക്കാനാളില്ലാത്ത വയോജനങ്ങളുള്ളത് കാട്ടുനായ്ക്കൻ സമുദായത്തിലാണ് (8.77 ശതമാനം). പണിയൻ, കാട്ടുനായ്ക്കൻ, വെട്ടക്കുറുമൻ വിഭാഗങ്ങൾ പഞ്ചായത്ത് നിരക്കിന്റെ മുകളിൽ നിൽക്കുന്നു. (പട്ടിക 45, ചാർട്ട് 42).

പട്ടിക 45: സംരക്ഷിക്കാൻ ആളില്ലാത്ത വയോജനങ്ങൾ-സമുദായ അടിസ്ഥാനത്തിൽ

| ക്രമ നമ്പർ | സമുദായം | 60 വയസ്സിന് മുകളിലുള്ളവർ | സംരക്ഷിക്കാൻ ആളില്ലാത്ത വയോജനങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | കുറുമൻ | 333 | 9 | 2.70 |
| 2 | പണിയൻ | 225 | 14 | 6.22 |
| 3 | കാട്ടുനായ്ക്കൻ | 57 | 5 | 8.77 |
| 4 | വെട്ടകുറുമൻ | 34 | 2 | 5.88 |
| 5 | കുറിച്യർ | 4 | 0 | 0 |
| | **ആകെ** | **653** | **30** | **4.59** |

അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014

ചാർട്ട് 42: സംരക്ഷിക്കാൻ ആളില്ലാത്ത വയോജനങ്ങൾ-സമുദായ അടിസ്ഥാനത്തിൽ (%)




അവലംബം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014

## 2.9 വിദ്യാഭ്യാസ മേഖലയിലെ ഇല്ലായ്മ നിലവാരം - വാർഡ് അടിസ്ഥാനത്തിൽ

വിദ്യാഭ്യാസ മേഖലയിലെ 3 സൂചകങ്ങളുടെയും മൊത്തത്തിലുള്ള ഇല്ലായ്മ നിലവാരം പരിശോധിക്കുമ്പോൾ അപ്പാട് വാർഡിലാണ് ഏറ്റവും അധികം പ്രശ്ന രൂക്ഷത നിലനിൽക്കുന്നത്. ഇവിടെ ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ 98.76 ശതമാനമാണ്. മീനങ്ങാടി, സി.സി, മൈലമ്പാടി, ചീരാംകുന്ന്, കൊളഗപ്പാറ എന്നീ വാർഡുകൾ 2 മുതൽ 6 വരെ സ്ഥാനങ്ങളിൽ നിൽക്കുന്നു. (പട്ടിക 46).

**പട്ടിക 46: വിദ്യാഭ്യാസ മേഖലയിലെ ഇല്ലായ്മ നിലവാരം - വാർഡ് അടിസ്ഥാനത്തിൽ**

| വാർഡ് | നിരക്ഷരർ (%) | 6-18 ന് വയസ്സിന് ഇടയിൽ പഠനം ഉപേക്ഷിച്ചവർ (%) | ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ (%) | ശരാശരി | റാങ്ക് |
|---|---|---|---|---|---|
| ചൂതുപാറ | 17.29 | 0 | 98.11 | 38.46 | 16 |
| അപ്പാട് | 30.95 | 6.34 | 98.67 | 45.32 | 1 |
| മൈലമ്പാടി | 28.32 | 2 | 99.00 | 43.10 | 4 |
| സി.സി | 29.48 | 3.17 | 97.15 | 43.26 | 3 |
| ആവയൽ | 14.52 | 1.47 | 98.70 | 38.23 | 18 |
| കൊളഗപ്പാറ | 26.47 | 2.77 | 100.00 | 43.08 | 6 |
| റാട്ടക്കുണ്ട് | 25.71 | 0 | 100.00 | 41.90 | 9 |
| കൃഷ്ണഗിരി | 17.90 | 0.78 | 97.79 | 38.82 | 15 |
| ചീരാംകുന്ന് | 28.46 | 1.38 | 99.46 | 43.10 | 5 |
| വട്ടത്തുവയൽ | 16.92 | 2.27 | 96.13 | 38.44 | 17 |
| കാക്കവയൽ | 25.00 | 0 | 100.00 | 41.66 | 11 |
| കോലമ്പറ്റ | 28.72 | 1.05 | 98.55 | 42.77 | 7 |
| മീനങ്ങാടി | 29.92 | 3.89 | 100.00 | 44.60 | 2 |
| പുറക്കാടി | 22.01 | 5 | 99.01 | 42.00 | 8 |
| വേങ്ങൂർ | 14.82 | 0 | 96.63 | 37.15 | 19 |
| പന്നിമുണ്ട | 23.53 | 4.04 | 97.92 | 41.83 | 10 |
| കാപ്പിക്കുന്ന് | 20.50 | 2.91 | 96.38 | 39.93 | 13 |
| പാലയ്ക്കാമൂല | 22.34 | 1.29 | 95.95 | 39.86 | 14 |
| മണിവയൽ | 24.42 | 1.23 | 98.95 | 41.53 | 12 |

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008 ൽ നിന്നും ക്രോഡീകരിച്ചത്

### 2.9.1.1 വിദ്യാഭ്യാസ മേഖലയിലെ ഇല്ലായ്മ നിലവാരം - സമുദായ അടിസ്ഥാനത്തിൽ

സമുദായാടിസ്ഥാനത്തിൽ വിദ്യാഭ്യാസ മേഖലയിലെ ഇല്ലായ്മ നിലവാരം നോക്കുമ്പോൾ പണിയൻ വിഭാഗമാണ് ഏറ്റവും പിന്നാക്കം നിൽക്കുന്നത്. കാട്ടുനായ്ക്കൻ രണ്ടാമതും, വെട്ടകുറുമൻ മൂന്നാം സ്ഥാനത്തും നിൽക്കുന്നു. (പട്ടിക 47).

**പട്ടിക 47: വിദ്യാഭ്യാസമേഖലയിലെ ഇല്ലായ്മ നിലവാരം - സമുദായ അടിസ്ഥാനത്തിൽ**

| പട്ടികവർഗ്ഗ സമുദായം | നിരക്ഷരർ (%) | 6-18 വയസ്സിനിടയിൽ പഠനം ഉപേക്ഷിച്ചവർ (%) | ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർ (%) | ശരാശരി | റാങ്ക് |
|---|---|---|---|---|---|
| കുറുമൻ | 13 | 0.4 | 99.87 | 37.75 | 6 |
| പണിയൻ | 35 | 4.20 | 99.81 | 46.33 | 1 |
| കാട്ടുനായ്ക്കൻ | 39.38 | 3.80 | 93.94 | 45.70 | 2 |
| വെട്ടകുറുമൻ | 30.25 | 3.17 | 96.51 | 43.31 | 3 |
| കുറിച്ച്യൻ | 13.63 | 0 | 100.00 | 37.87 | 5 |
| മറ്റുള്ളവർ | 19 | 0 | 100.00 | 39.66 | 4 |

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008 ൽ നിന്നും ക്രോഡീകരിച്ചത്

### 2.9.2 ആരോഗ്യ മേഖലയിലെ ഇല്ലായ്മ നിലവാരം – വാർഡ് അടിസ്ഥാനത്തിൽ

ആരോഗ്യ മേഖലയുടെ ഇല്ലായ്മ നിലവാരം പരിശോധിക്കുമ്പോൾ പാലയ്ക്കാമൂല വാർഡാണ് ഇല്ലായ്മയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. കൃഷ്ണഗിരി, മീനങ്ങാടി, കൊളഗപ്പാറ, റാട്ടകുണ്ട്, കാക്കവയൽ എന്നീ വാർഡുകൾ 2 മുതൽ 5 വരെ സ്ഥാനങ്ങളിൽ നിൽക്കുന്നു. (പട്ടിക 48).

**പട്ടിക 48: ആരോഗ്യ മേഖലയിലെ ഇല്ലായ്മ നിലവാരം – വാർഡ് അടിസ്ഥാനത്തിൽ**

| വാർഡ് | നിത്യരോഗികൾ (%) | വയോജനം (%) | ഭിന്നശേഷി (%) | ശരാശരി | റാങ്ക് |
|---|---|---|---|---|---|
| ചൂതുപാറ | 6.20 | 5.52 | 2.07 | 4.59 | 18 |
| അപ്പാട് | 3.85 | 7.54 | 1.40 | 4.26 | 19 |
| മൈലമ്പാടി | 8.19 | 8.84 | 4.50 | 7.17 | 11 |
| സി.സി | 5.55 | 8.36 | 5.69 | 6.53 | 14 |
| ആവയൽ | 8.48 | 10.91 | 9.70 | 9.69 | 8 |
| കൊളഗപ്പാറ | 13.07 | 6.54 | 15.69 | 11.76 | 4 |
| റാട്ടക്കുണ്ട് | 12.71 | 5.93 | 15.25 | 11.29 | 5 |
| കൃഷ്ണഗിരി | 16.4 | 10.22 | 12.81 | 13.14 | 2 |
| ചീരാംകുന്ന് | 6.872 | 7.56 | 6.87 | 7.10 | 12 |
| വട്ടത്തുവയൽ | 5.42 | 9.95 | 4.98 | 6.78 | 13 |
| കാക്കവയൽ | 10.4 | 11.11 | 9.72 | 10.41 | 6 |
| കോലമ്പറ്റ | 10.6 | 9.40 | 10.84 | 10.28 | 7 |
| മീനങ്ങാടി | 14.23 | 8.99 | 13.86 | 12.36 | 3 |
| പുറക്കാടി | 8.47 | 9.49 | 6.44 | 8.13 | 9 |
| വേങ്ങൂർ | 8.62 | 8.37 | 6.90 | 7.96 | 10 |
| പന്നിമുണ്ട | 3.95 | 7.91 | 4.19 | 5.35 | 16 |
| കാപ്പിക്കുന്ന് | 5.29 | 6.44 | 3.84 | 5.19 | 17 |
| പാലയ്ക്കാമൂല | 15.84 | 10.40 | 16.09 | 14.11 | 1 |
| മണിവയൽ | 4.72 | 7.50 | 4.31 | 5.51 | 15 |

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം – 2008 ൽ നിന്നും ക്രോഡീകരിച്ചത്

#### 2.9.2.1 ആരോഗ്യ മേഖലയിലെ ഇല്ലായ്മ നിലവാരം – സമുദായ അടിസ്ഥാനത്തിൽ

സമുദായാടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ വെട്ടകുറുമൻ വിഭാഗത്തിനാണ് ആരോഗ്യ മേഖലയിൽ ഇല്ലായ്മ നിലവാരം ഏറ്റവും കൂടുതൽ. (പട്ടിക 49).

**പട്ടിക 49: ആരോഗ്യ മേഖലയിലെ ഇല്ലായ്മ നിലവാരം – സമുദായ അടിസ്ഥാനത്തിൽ**

| പട്ടികവർഗ്ഗ സമുദായം | നിത്യരോഗികൾ (%) | വയോജനം (%) | ഭിന്നശേഷി (%) | ശരാശരി (%) | റാങ്ക് |
|---|---|---|---|---|---|
| കുറുമൻ | 8.87 | 8.30 | 7.48 | 8.21 | 4 |
| പണിയൻ | 8.34 | 8.90 | 7.59 | 8.27 | 3 |
| കാട്ടുനായ്ക്കൻ | 5.44 | 6.75 | 4.50 | 5.56 | 6 |
| വെട്ടകുറുമൻ | 7.79 | 11.53 | 7.80 | 9.04 | 2 |
| കുറിച്ച്യൻ | 5.88 | 7.84 | 5.88 | 6.53 | 5 |
| മറ്റുള്ളവർ | 28 | 4.76 | 14.29 | 15.68 | 1 |

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം – 2008 ൽ നിന്നും ക്രോഡീകരിച്ചത്

### 2.9.3 തൊഴിൽ വരുമാനം മേഖലയിലെ ഇല്ലായ്മ നിലവാരം - വാർഡ് അടിസ്ഥാനത്തിൽ

തൊഴിൽ മേഖലയുടെ ആകെ ഇല്ലായ്മ നിലവാരം പരിശോധിക്കുമ്പോൾ വേങ്ങൂർ വാർഡാണ് ഏറ്റവും പിന്നാക്കം നിൽക്കുന്നത്. പുറക്കാടി, ചൂതുപാറ എന്നീ വാർഡുകൾ യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ നിൽക്കുന്നു. തൊഴിൽ മേഖലയിൽ ഈ വാർഡുകൾ ഇനിയും മുന്നേറാനുണ്ടെന്ന് ഈ വിവരങ്ങൾ സൂചിപ്പിക്കുന്നു. (പട്ടിക 50).

**പട്ടിക 50: തൊഴിൽ വരുമാനം മേഖലയിലെ ഇല്ലായ്മ നിലവാരം - വാർഡ് അടിസ്ഥാനത്തിൽ**

| വാർഡ് | തൊഴിൽ രഹിതർ (%) | വിദ്യാഭ്യാസ യോഗ്യത യുള്ള തൊഴിൽ രഹി തർ (%) | 18-45 വയസ്സിന് ഇടയിൽ സാങ്കേതിക വിദ്യാഭ്യാസം ഉള്ളവരിൽ തൊഴിൽ രഹിതർ (%) | സ്ഥിരവരുമാനം ഇല്ലാത്തവർ (%) | ശരാശരി | റാങ്ക് |
|---|---|---|---|---|---|---|
| ചൂതുപാറ | 10.39 | 87.50 | 0 | 88.00 | 46.47 | 3 |
| അപ്പാട് | 12.95 | 38.89 | 5.56 | 93.86 | 37.82 | 12 |
| മൈലമ്പാടി | 9.57 | 34.48 | 0 | 94.94 | 34.75 | 15 |
| സി.സി | 20.27 | 27.12 | 8.47 | 96.26 | 38.03 | 11 |
| ആവയൽ | 11.89 | 27.27 | 0 | 96.52 | 33.92 | 18 |
| കൊളഗപ്പാറ | 22.78 | 11.11 | 0 | 98.95 | 33.21 | 19 |
| റാട്ടക്കുണ്ട് | 29.51 | 5.56 | 5.56 | 100.00 | 35.16 | 14 |
| കൃഷ്ണഗിരി | 22.10 | 35.90 | 8.97 | 90.99 | 39.49 | 9 |
| ചീരാംകുന്ന് | 37.41 | 13.46 | 1.92 | 95.24 | 37.01 | 13 |
| വട്ടത്തുവയൽ | 38.39 | 32.56 | 0 | 91.73 | 40.67 | 5 |
| കാക്കവയൽ | 24.68 | 36.84 | 5.26 | 95.24 | 40.51 | 6 |
| കോലമ്പറ്റ | 15.71 | 39.39 | 6.06 | 97.57 | 39.68 | 8 |
| മീനങ്ങാടി | 14.62 | 26.32 | 0 | 97.32 | 34.57 | 16 |
| പുറക്കാടി | 31.61 | 59.18 | 8.16 | 88.27 | 46.81 | 2 |
| വേങ്ങൂർ | 26.76 | 49.12 | 22.81 | 89.96 | 47.16 | 1 |
| പന്നിമുണ്ട | 19.20 | 20.93 | 2.33 | 93.51 | 33.99 | 17 |
| കാപ്പിക്കുന്ന് | 15.07 | 51.95 | 0 | 93.56 | 40.15 | 7 |
| പാലയ്ക്കാമൂല | 12.25 | 68.00 | 12.00 | 89.56 | 45.45 | 4 |
| മണിവയൽ | 27.79 | 28.97 | 1.87 | 94.10 | 38.18 | 10 |

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008 ൽ നിന്നും ക്രോഡീകരിച്ചത്

### 2.9.3.1 തൊഴിൽ വരുമാനം മേഖലയിലെ ഇല്ലായ്മ നിലവാരം - സമുദായ അടിസ്ഥാനത്തിൽ

കുറുമൻ വിഭാഗമാണ് തൊഴിൽ വരുമാന മേഖലയിലെ ഇല്ലായ്മ നിലവാരത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. (പട്ടിക 51).

**പട്ടിക 51: തൊഴിൽ വരുമാനം മേഖലയിലെ ഇല്ലായ്മ നിലവാരം - സമുദായ അടിസ്ഥാനത്തിൽ**

| പട്ടികവർഗ്ഗ സമുദായം | തൊഴിൽ രഹിതർ (%) | വിദ്യാഭ്യാസ യോഗ്യത യുള്ള തൊഴിൽ രഹി തർ (%) | 18-45 വയസ്സിന് ഇടയിൽ സാങ്കേതിക വിദ്യാഭ്യാസം ഉള്ളവരിൽ തൊഴിൽ രഹിതർ (%) | സ്ഥിരവരുമാനം ഇല്ലാത്തവർ (%) | ശരാശരി | റാങ്ക് |
|---|---|---|---|---|---|---|
| കുറുമൻ | 21.10 | 56.36 | 8.33 | 89.36 | 43.79 | 1 |
| പണിയൻ | 20.50 | 8.24 | 1.57 | 99.31 | 32.41 | 2 |
| കാട്ടുനായ്ക്കൻ | 14.00 | 8.93 | 0 | 99.79 | 30.68 | 3 |
| വെട്ടകുറുമൻ | 11.81 | 0 | 0 | 96.53 | 27.09 | 6 |
| കുറിച്ച്യൻ | 25.00 | 16.67 | 0 | 75.00 | 29.17 | 4 |
| മറ്റുള്ളവർ | 14.29 | 0 | 0 | 100.00 | 28.57 | 5 |

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008 ൽ നിന്നും ക്രോഡീകരിച്ചത്

### 2.9.4 അടിസ്ഥാന സൗകര്യ മേഖലയിലെ ഇല്ലായ്മ നിലവാരം - വാർഡ് അടിസ്ഥാനത്തിൽ

അടിസ്ഥാന സൗകര്യ മേഖലയിലെ ഇല്ലായ്മ നിലവാരത്തിൽ പാലയ്ക്കാമൂല വാർഡാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. കാക്കവയൽ, കാപ്പിക്കുന്ന് എന്നീ വാർഡുകൾ യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ നിൽക്കുന്നു. (പട്ടിക 52).

**പട്ടിക 52: അടിസ്ഥാന സൗകര്യ മേഖലയിലെ ഇല്ലായ്മ നിലവാരം - വാർഡ് അടിസ്ഥാനത്തിൽ**

| വാർഡ് | ജീർണ്ണാവ സ്ഥയിൽ വീടുള്ള കുടുംബങ്ങൾ (%) | സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ (%) | വൈദ്യുതീക രിക്കാത്ത വീടു കളിൽ താമസി ക്കുന്ന കുടുംബങ്ങൾ (%) | കക്കൂസ് ഇല്ലാത്ത വീടു കളിൽ താമസി ക്കുന്ന കുടുംബങ്ങൾ (%) | പണി പൂർ ത്തീകരിക്കാ ത്ത വീടുകൾ (%) | ശരാ ശരി | റാങ്ക് |
|---|---|---|---|---|---|---|---|
| ചൂതുപാറ | 51.35 | 2.70 | 32.43 | 10.81 | 5.41 | 20.54 | 11 |
| അപ്പാട് | 69.48 | 3.90 | 75.32 | 35.71 | 3.25 | 37.53 | 16 |
| മൈലമ്പാടി | 54.26 | 6.20 | 72.87 | 28.68 | 16.28 | 35.65 | 8 |
| സി.സി | 57.72 | 2.68 | 46.31 | 51.01 | 2.68 | 32.08 | 5 |
| ആവയൽ | 35.80 | 0 | 35.80 | 25.93 | 1.23 | 24.69 | 17 |
| കൊളഗപ്പാറ | 52.63 | 0 | 89.47 | 21.05 | 0 | 32.63 | 15 |
| റാട്ടക്കുണ്ട് | 52.17 | 2.17 | 82.61 | 15.22 | 6.52 | 31.73 | 10 |
| കൃഷ്ണഗിരി | 50.88 | 5.26 | 46.20 | 21.05 | 1.17 | 24.91 | 14 |
| ചീരാംകുന്ന് | 54.17 | 12.50 | 65.28 | 38.89 | 8.33 | 35.83 | 9 |
| വട്ടത്തുവയൽ | 59.62 | | 17.31 | 9.62 | 5.77 | 18.46 | 19 |
| കാക്കവയൽ | 28.57 | 17.14 | 60.00 | 28.57 | 11.43 | 29.14 | 2 |
| കോലമ്പറ്റ | 52.04 | 6.12 | 38.78 | 23.47 | 1.02 | 24.28 | 12 |
| മീനങ്ങാടി | 50.00 | 3.57 | 64.29 | 23.21 | 3.57 | 28.92 | 7 |
| പുറക്കാടി | 46.88 | 6.25 | 32.81 | 15.63 | 14.06 | 23.12 | 4 |
| വേങ്ങൂർ | 52.00 | 8.00 | 26.00 | 21.00 | 3.00 | 22 | 13 |
| പന്നിമുണ്ട | 68.09 | 6.38 | 47.87 | 22.34 | 18.09 | 32.55 | 6 |
| കാപ്പിക്കുന്ന് | 53.33 | 1.33 | 52.44 | 38.67 | 7.11 | 30.57 | 3 |
| പാലയ്ക്കാമൂല | 46.94 | 8.16 | 33.67 | 23.47 | 3.06 | 23.06 | 1 |
| മണിവയൽ | 39.08 | 8.05 | 50.57 | 27.01 | 14.94 | 27.93 | 18 |

അവലംബം : മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014, പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008 ൽ നിന്നും ക്രോഡീകരിച്ചത്

### 2.9.4.1 അടിസ്ഥാന സൗകര്യ മേഖലയിലെ ഇല്ലായ്മ നിലവാരം - സമുദായ അടിസ്ഥാനത്തിൽ

കാട്ടുനായ്ക്കൻ വിഭാഗമാണ് അടിസ്ഥാന സൗകര്യ മേഖലയിലെ ഇല്ലായ്മ നിലവാരത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. (പട്ടിക 53).

**പട്ടിക 53: അടിസ്ഥാന സൗകര്യ മേഖലയിലെ ഇല്ലായ്മ നിലവാരം - സമുദായ അടിസ്ഥാനത്തിൽ**

| പട്ടികവർഗ്ഗ സമുദായം | ജീർണ്ണാവ സ്ഥയിൽ വീടുള്ള കുടുംബങ്ങൾ (%) | സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ (%) | വൈദ്യുതീക രിക്കാത്ത വീടു കളിൽ താമസി ക്കുന്ന കുടുംബങ്ങൾ (%) | കക്കൂസ് ഇല്ലാത്ത വീടു കളിൽ താമസി ക്കുന്ന കുടുംബങ്ങൾ (%) | പണിപൂർ ത്തീകരിക്കാ ത്ത വീടുകൾ (%) | ശരാ ശരി | റാങ്ക് |
|---|---|---|---|---|---|---|---|
| കുറുമൻ | 43.55 | 3.04 | 21.93 | 17.94 | 2.66 | 11.39 | 5 |
| പണിയൻ | 59.45 | 7.50 | 81.43 | 37.48 | 9.14 | 33.88 | 3 |
| കാട്ടുനായ്ക്കൻ | 66.52 | 6.33 | 82.35 | 51.58 | 4.80 | 36.26 | 1 |
| വെട്ടകുറുമൻ | 66.67 | 6.17 | 77.78 | 25.93 | 10.99 | 30.21 | 4 |
| കുറിച്ച്യൻ | 50.00 | 25.00 | 33.33 | 16.67 | 70.00 | 36.25 | 2 |

അവലംബം : മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014, പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008 ൽ നിന്നും ക്രോഡീകരിച്ചത്

### 2.9.5 സാമൂഹ്യ സുരക്ഷിതത്വ മേഖലയിലെ ഇല്ലായ്മ നിലവാരം - വാർഡ് അടിസ്ഥാനത്തിൽ

സാമൂഹ്യ സുരക്ഷിതത്വ മേഖലയിൽ വിവിധ ഘടകങ്ങൾ പരിശോധിക്കുമ്പോൾ ഏറ്റവും പിന്നാക്കം നിൽക്കുന്നത് വട്ടത്തുവയൽ, ചീരാംകുന്ന് വാർഡുകളാണ്. (പട്ടിക 54).

**പട്ടിക 54: സാമൂഹ്യ സുരക്ഷിതത്വ മേഖലയിലെ ഇല്ലായ്മ നിലവാരം - വാർഡ് അടിസ്ഥാനത്തിൽ**

| വാർഡ് | അവിവാഹിത അമ്മമാർ (%) | വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ (%) | സംരക്ഷിക്കാനാളില്ലാത്ത കുട്ടികൾ (%) | സംരക്ഷിക്കാൻ ആളില്ലാത്ത വയോജനങ്ങൾ (%) | ശരാശരി | റാങ്ക് |
|---|---|---|---|---|---|---|
| ചൂതുപാറ | 0 | 33.33 | 0 | 0 | 8.33 | 9 |
| അപ്പാട് | 6.38 | 25.53 | 0 | 0 | 7.97 | 10 |
| മൈലമ്പാടി | 2.48 | 22.36 | 0 | 5.45 | 7.57 | 11 |
| സി.സി | 0 | 21.38 | 0 | 6.38 | 6.94 | 12 |
| ആവയൽ | 0 | 17.65 | 0 | 0 | 4.41 | 14 |
| കൊളഗപ്പാറ | 0 | 14.29 | 0 | 0 | 3.57 | 17 |
| റാട്ടക്കുണ്ട് | 0 | 43.33 | 0 | 0 | 10.83 | 5 |
| കൃഷ്ണഗിരി | 0 | 10.99 | 0.81 | 2.82 | 3.65 | 16 |
| ചീരാംകുന്ന് | 0 | 33.33 | 0 | 18.18 | 12.87 | 2 |
| വട്ടത്തുവയൽ | 0 | 35.09 | 1.04 | 22.73 | 14.71 | 1 |
| കാക്കവയൽ | 2.70 | 27.03 | 0 | 18.75 | 12.12 | 3 |
| കോലമ്പറ്റ | 0 | 2.54 | 2.70 | 0 | 1.31 | 19 |
| മീനങ്ങാടി | 0 | 10.45 | 0 | 0 | 2.61 | 18 |
| പുറക്കാടി | 0 | 20.55 | 0 | 3.57 | 6.03 | 13 |
| വേങ്ങൂർ | 0.92 | 38.53 | 0 | 2.94 | 10.59 | 6 |
| പന്നിമുണ്ട | 0 | 30.77 | 0 | 2.94 | 8.42 | 8 |
| കാപ്പിക്കുന്ന് | 0 | 14.67 | 0 | 1.61 | 4.07 | 15 |
| പാലയ്ക്കാമൂല | 0 | 28.42 | 0 | 7.14 | 8.89 | 7 |
| മണിവയൽ | 0.50 | 30.65 | 10.00 | 5.56 | 11.67 | 4 |

അവലംബം : മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014, പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008 ൽ നിന്നും ക്രോഡീകരിച്ചത്

#### 2.9.5.1 സാമൂഹ്യ സുരക്ഷിതത്വ മേഖലയിലെ ഇല്ലായ്മ നിലവാരം - സമുദായ അടിസ്ഥാനത്തിൽ

ഈ മേഖലയിൽ കുറിച്ച്യൻ വിഭാഗമാണ് ഏറ്റവും പിന്നിൽ നിൽക്കുന്നത്. കാട്ടുനായ്ക്കൻ വിഭാഗം രണ്ടാം സ്ഥാനത്തും നിൽക്കുന്നു. (പട്ടിക 55).

**പട്ടിക 55: സാമൂഹ്യ സുരക്ഷിതത്വ മേഖലയിലെ ഇല്ലായ്മ നിലവാരം - സമുദായ അടിസ്ഥാനത്തിൽ**

| പട്ടികവർഗ്ഗ സമുദായം | അവിവാഹിത അമ്മമാർ (%) | വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ (%) | സംരക്ഷിക്കാനാളില്ലാത്ത കുട്ടികൾ (%) | സംരക്ഷിക്കാൻ ആളില്ലാത്തവയോജനങ്ങൾ (%) | ശരാശരി | റാങ്ക് |
|---|---|---|---|---|---|---|
| കുറുമൻ | 0.09 | 18.17 | 0 | 2.70 | 5.24 | 5 |
| പണിയൻ | 1.23 | 27.41 | 0 | 6.22 | 8.71 | 3 |
| കാട്ടുനായ്ക്കൻ | 2.84 | 28.91 | 0 | 8.77 | 10.13 | 2 |
| വെട്ടകുറുമൻ | 1.33 | 20.00 | 0 | 5.88 | 6.80 | 4 |
| കുറിച്ച്യൻ | 0 | 21.43 | 0 | 0 | 10.71 | 1 |

അവലംബം : മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014, പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008 ൽ നിന്നും ക്രോഡീകരിച്ചത്

### 2.9.6 ഇല്ലായ്മ നിലവാരം - സമാഹൃത സൂചിക - വാർഡ് അടിസ്ഥാനത്തിൽ

വിഷയമേഖലകളുടെയും പിന്നാക്കാവസ്ഥാ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വാർഡ് - സമുദായ തല ഇല്ലായ്മ നിലവാരം അളക്കുമ്പോൾ ചീരാംകുന്ന് വാർഡ് ഇല്ലായ്മയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. കാക്കവയൽ, അപ്പാട്, പാലയ്ക്കാമൂല, റാട്ടകുണ്ട്, എന്നീ വാർഡുകൾ 2 മുതൽ 4 വരെ സ്ഥാനങ്ങളിൽ നിൽക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ വികസന പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ഈ വാർഡുകൾക്ക് മുൻതൂക്കം കൊടുക്കേണ്ടതുണ്ട്. (പട്ടിക 56).

**പട്ടിക 56: ഇല്ലായ്മ നിലവാരം - സമാഹൃത സൂചിക - വാർഡ് അടിസ്ഥാനത്തിൽ**

| വാർഡ് | വിദ്യാഭ്യാസം (%) | ആരോഗ്യം (%) | തൊഴിൽ വരുമാനം (%) | അടിസ്ഥാന സൗകര്യം (%) | സാമൂഹ്യ സുരക്ഷിതത്വം (%) | ശരാശരി | റാങ്ക് |
|---|---|---|---|---|---|---|---|
| ചൂതുപാറ | 38.46 | 4.59 | 46.47 | 20.54 | 8.33 | 23.68 | 17 |
| അപ്പാട് | 45.32 | 4.26 | 37.82 | 37.53 | 7.97 | 26.58 | 3 |
| മൈലമ്പാടി | 43.1 | 7.17 | 34.75 | 35.65 | 7.57 | 25.65 | 6 |
| സി.സി | 43.26 | 6.53 | 38.03 | 32.08 | 6.94 | 25.37 | 7 |
| ആവയൽ | 38.23 | 9.69 | 33.92 | 24.69 | 4.41 | 22.19 | 19 |
| കൊളഗപ്പാറ | 43.08 | 11.76 | 33.21 | 32.63 | 3.57 | 24.85 | 11 |
| റാട്ടക്കുണ്ട് | 41.9 | 11.29 | 35.16 | 31.73 | 10.83 | 26.18 | 5 |
| കൃഷ്ണഗിരി | 38.82 | 13.14 | 39.49 | 24.91 | 3.65 | 24.00 | 14 |
| ചീരാംകുന്ന് | 43.1 | 7.1 | 37.01 | 35.83 | 12.87 | 27.18 | 1 |
| വട്ടത്തുവയൽ | 38.44 | 6.78 | 40.67 | 18.46 | 14.71 | 23.81 | 16 |
| കാക്കവയൽ | 41.66 | 10.41 | 40.51 | 29.14 | 12.12 | 26.77 | 2 |
| കോലമ്പറ്റ | 42.77 | 10.28 | 39.68 | 24.28 | 1.31 | 23.66 | 18 |
| മീനങ്ങാടി | 44.6 | 12.36 | 34.57 | 28.92 | 2.61 | 24.61 | 12 |
| പുറക്കാടി | 42.00 | 8.13 | 46.81 | 23.12 | 6.03 | 25.22 | 8 |
| വേങ്ങൂർ | 37.15 | 7.96 | 47.16 | 22.00 | 10.59 | 24.97 | 9 |
| പന്നിമുണ്ട | 41.83 | 5.35 | 33.99 | 32.55 | 8.42 | 24.43 | 13 |
| കാപ്പിക്കുന്ന് | 39.93 | 5.19 | 40.15 | 30.57 | 4.07 | 23.98 | 15 |
| പാലയ്ക്കാമൂല | 39.86 | 14.11 | 45.45 | 23.06 | 8.89 | 26.27 | 4 |
| മണിവയൽ | 41.53 | 5.51 | 38.18 | 27.93 | 11.67 | 24.96 | 10 |

അവലംബം : മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014, പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008 ൽ നിന്നും ക്രോഡീകരിച്ചത്

### 2.9.6 ഇല്ലായ്മ നിലവാരം - സമാഹൃത സൂചിക - വാർഡ് അടിസ്ഥാനത്തിൽ

വിഷയമേഖലകളുടെയും പിന്നാക്കാവസ്ഥാ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വാർഡ് - സമുദായ തല ഇല്ലായ്മ നിലവാരം അളക്കുമ്പോൾ ചീരാംകുന്ന് വാർഡ് ഇല്ലായ്മയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. കാക്കവയൽ, അപ്പാട്, പാലയ്ക്കാമൂല, റാട്ടകുണ്ട്, എന്നീ വാർഡുകൾ 2 മുതൽ 4 വരെ സ്ഥാനങ്ങളിൽ നിൽക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ വികസന പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ഈ വാർഡിന് മുൻതൂക്കം കൊടുക്കേണ്ടതുണ്ട്. (പട്ടിക 57).

**പട്ടിക 57: ഇല്ലായ്മ നിലവാരം - സമാഹൃത സൂചിക - സമുദായ അടിസ്ഥാനത്തിൽ**

| പട്ടികവർഗ്ഗ സമുദായം | വിദ്യാഭ്യാസം (%) | ആരോഗ്യം (%) | തൊഴിൽ വരുമാനം (%) | അടിസ്ഥാന സൗകര്യം (%) | സാമൂഹ്യ സുരക്ഷിതത്വം (%) | ശരാശരി | റാങ്ക് |
|---|---|---|---|---|---|---|---|
| കുറുമൻ | 37.75 | 8.21 | 43.79 | 11.39 | 5.24 | 21.28 | 5 |
| പണിയൻ | 46.33 | 8.27 | 32.41 | 33.88 | 8.71 | 25.92 | 1 |
| കാട്ടുനായ്ക്കൻ | 45.7 | 5.56 | 30.68 | 36.26 | 10.13 | 25.67 | 2 |
| വെട്ടകുറുമൻ | 43.31 | 9.04 | 27.09 | 30.21 | 6.8 | 23.29 | 4 |
| കുറിച്ച്യൻ | 37.87 | 6.53 | 29.17 | 36.25 | 10.71 | 24.11 | 3 |
| മറ്റുള്ളവർ | 39.66 | 15.68 | 28.57 | 0 | 0 | 16.78 | 6 |

അവലംബം : മീനങ്ങാടി ഗ്രാമപഞ്ചായത്ത് സർവ്വേ - 2014, പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം - 2008 ൽ നിന്നും ക്രോഡീകരിച്ചത്

## അദ്ധ്യായം - 3

# പ്രശ്ന വിശകലനവും വികസന കാഴ്ച്ചപ്പാടും

### 3.1 ആമുഖം

മീനങ്ങാടി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിവരുന്ന 'ഒരുമയോടെ മികവിലേക്ക്' എന്ന വികസന പദ്ധതിയിലൂടെ ആദിവാസി ജനതയുടെ സമഗ്രവികസനത്തിനായി നൂതനങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയപ്പോൾ ഉരുത്തിരിഞ്ഞ മികവിന്റേയും, ഒറ്റപ്പെട്ട പരിമിതികളുടെയും അനുഭവ ഭൂമിയിൽ നിന്നാണ് പട്ടികവർഗ്ഗ ഉപപദ്ധതിയിലേക്ക് പുതു ചുവട് വെപ്പുകൾ നടത്തുന്നത്.

പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ യോഗങ്ങളിലും ഊരുക്കൂട്ടങ്ങളിലും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും ഉയർന്നു വന്ന നിർദ്ദേശങ്ങളും അവയ്ക്ക് ബന്ധപ്പെട്ട യോഗങ്ങളിലും ചർച്ചകളിലും ഉരുത്തിരിഞ്ഞു വന്ന പരിഹാര നിർദ്ദേശങ്ങളും താഴെ പറയും പ്രകാരം ക്രോഡീകരിക്കുന്നു. പഞ്ചായത്തിലെ മുഴുവൻ ഊരുകളിലും (അംഗങ്ങൾ കുറവായ ചില സ്ഥലങ്ങളിൽ വാർഡുകൾ കേന്ദ്രീകരിച്ച്) ഊരുക്കൂട്ടങ്ങൾ നടത്തുകയുണ്ടായി. ഉപപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടു നടത്തിയ യോഗങ്ങളിൽ മുഴുവൻ പട്ടികവർഗ്ഗ പ്രൊമോട്ടർമാരും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും പഞ്ചായത്ത് അംഗങ്ങളും പങ്കെടുത്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിലും വരുമാനവും, അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹ്യസുരക്ഷിതത്വം എന്നിങ്ങനെ അഞ്ചു വിഭാഗങ്ങളായി തിരിച്ചാണ് പ്രശ്നവിശകലനം നടത്തിയിട്ടുള്ളത്.

### 3.2 വിദ്യാഭ്യാസ മേഖലയിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളും കാരണങ്ങളും നിർദ്ദേശങ്ങളും

വിദ്യാഭ്യാസമുള്ള സമൂഹത്തെ മാത്രമാണ് വികസിത സമൂഹത്തിൽ ഉൾപ്പെടുത്താനാകുന്നത്. കരിക്കുലത്തിൽ പഠിക്കുന്ന വിദ്യാഭ്യാസം ജീവിതത്തിന്റെ ഒരോ ഘട്ടങ്ങളിലുമുള്ള പഠനത്തിന് ഉപയുക്തമാകുന്ന തരത്തിലേക്ക് നമ്മുടെ വിദ്യാഭ്യാസരീതി പരിഷ്കരിച്ച് വരേണ്ടതുണ്ട്. ഗോത്രവർഗ്ഗ വിഭാഗങ്ങൾ പ്രത്യേകിച്ച് പണിയൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങൾ വിദ്യാഭ്യാസത്തോട് അകൽച്ച കാണിക്കാറുണ്ട്. കുറിച്യൻ, കുറുമൻ സമുദായങ്ങൾ താരതമ്യേന മറ്റ് ഗോത്രവിഭാഗങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലാണ്. രക്ഷിതാക്കളുടെ വിദ്യാഭ്യാസമില്ലായ്മ, സാമൂഹിക സാമ്പത്തിക പിന്നാക്കാവസ്ഥ, ഭാഷാ പ്രശ്നങ്ങൾ തുടങ്ങിയവയെല്ലാം വിദ്യാഭ്യാസ മേഖലയിലെ ഇവരുടെ പുറകോട്ടുപോക്കിന് കാരണമാകാറുണ്ട്. കലാകായിക രംഗങ്ങളിലെ ഇവരുടെ മികവുകൾ പിന്നാക്കാവസ്ഥ കാരണം ഫലപ്രദമായി പ്രകടിപ്പിക്കുവാനും ആ മേഖലയിൽ മുന്നേറ്റമുണ്ടാക്കുവാനും കഴിയാറില്ല. മേഖലയിലെ വിദഗ്ദ്ധർ, ഊരുകൂട്ടം, വർക്കിംഗ് ഗ്രൂപ്പ് തുടങ്ങിയവയിലൂടെ ഉയർന്നുവന്ന നിർദ്ദേശങ്ങളും പ്രശ്ന വിശകലനവും ചുവടെ ചേർക്കുന്നു. (പട്ടിക 58).

**പട്ടിക 58: വിദ്യാഭ്യാസം – പ്രശ്നങ്ങൾ, കാരണങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ**

| പ്രധാന പ്രശ്നം: കൊഴിഞ്ഞുപോക്ക് (പഠനം ഇടയ്ക്കു വച്ചു നിർത്തൽ) | |
|---|---|
| **പ്രശ്നങ്ങൾ** | **പരിഹാര നിർദ്ദേശങ്ങൾ** |
| രക്ഷിതാക്കളുടെ നിരക്ഷരത | സാക്ഷരതാ പ്രവർത്തനം ശക്തമാക്കുക |
| സ്കൂളുകളിലേക്കുള്ള ദൂരക്കൂടുതൽ | വാഹനസൗകര്യം ഏർപ്പെടുത്തുക |
| രക്ഷിതാക്കളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ | കൂടുതൽ സ്വയംതൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക കുട്ടികൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുക |
| കുട്ടികളുടെ താത്പര്യക്കുറവ് | ഹോസ്റ്റലുകളുടെ എണ്ണവും സൗകര്യങ്ങളും വർദ്ധിപ്പിക്കുക |
| ഭാഷ മനസ്സിലാക്കാനുള്ള പ്രശ്നങ്ങൾ | പ്രൈമറി തലത്തിൽ അവരവരുടെ ഭാഷക്കു കൂടി പ്രാധാന്യം നൽകുക |
| വായനയുടെ കുറവ് | കോളനികളിൽ സാംസ്കാരിക നിലയങ്ങൾ നിർമ്മിച്ച് വായനക്കാവശ്യമായ പ്രസിദ്ധീകരണങ്ങൾ നൽകുക |
| മതിയായ ഭക്ഷണത്തിന്റെ കുറവ് | സ്കൂളുകളിൽ പ്രഭാത ഭക്ഷണം വ്യാപിപ്പിക്കുക |
| വീടുകളിലെ സൗകര്യക്കുറവ് | ഹോസ്റ്റലുകൾ കൂടുതൽ സൗഹൃദപരമാക്കുക, ഹോസ്റ്റൽ പ്രവേശനത്തിനു പരീക്ഷ ഒഴിവാക്കുക |
| **പ്രധാന പ്രശ്നം: നിരക്ഷരത** | |
| പ്രാഥമിക വിദ്യാഭ്യാസമില്ലായ്മ | സാക്ഷരതാ പ്രവർത്തനം കോളനിതലത്തിലേക്ക് വ്യാപിപ്പിക്കുക |
| **പ്രധാനപ്രശ്നം: സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സൗകര്യക്കുറവ്** | |
| മതിയായ സ്ഥാപനങ്ങളുടെ കുറവ് | കൂടുതൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക |
| **പ്രധാന പ്രശ്നം: മത്സര പരീക്ഷകളിൽ മുന്നേറുന്നില്ല** | |
| പരിശീലനങ്ങളുടെ അഭാവം | കൂടുതൽ പരിശീലനസൗകര്യം ഏർപ്പെടുത്തുക, പി.എസ്.സി. പരീക്ഷാ പരിശീലനം നൽകുക, എൻട്രൻസ് കോച്ചിംഗ് നൽകുക |

### 3.2.1 ദീർഘകാല ലക്ഷ്യങ്ങൾ

**നിരക്ഷരത കുറക്കുക**

- ഓരോ വർഷവും 5 ശതമാനം വീതം നിരക്ഷരത കുറച്ച് കൊണ്ട് വരിക.
- പഞ്ചായത്ത് ശരാശരിയേക്കാൾ കൂടിയ നിരക്ഷരതയുള്ള വാർഡുകളെയും സമുദായങ്ങളേയും ഒരു വർഷത്തിനകം പഞ്ചായത്ത് ശരാശരിയായ 23.61 ശതമാനത്തിലെത്തിക്കുക.
- പാതിവഴിയിൽ പഠനം നിർത്തുന്നവരുടെ എണ്ണം 2.39 ശതമാനമുള്ളത് ഒരു വർഷത്തിനകം പൂജ്യം ശതമാനമാക്കുക.
- സാങ്കേതിക വിഭ്യാഭ്യാസം നേടാത്തവരുടെ എണ്ണം 97.49 ശതമാനത്തിൽ നിന്ന് 5 വർഷത്തിനകം 75 ശതമാനമാക്കി കുറയ്ക്കുക.
- പതിമൂന്നാം പഞ്ചവത്സര പദ്ധതി പൂർത്തിയാകുമ്പോഴേക്കും മീനങ്ങാടി ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ടവരുടെ നിരക്ഷരത പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുക.
- ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ ഊർജ്ജിതപ്പെടുത്തുക.
- കോളനികൾ കേന്ദ്രീകരിച്ച് സാക്ഷരതാ പ്രവർത്തനങ്ങൾ ശക്തമാക്കുക.
- പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിന് പഞ്ചായത്ത് നേരിട്ട് ഇടപെടുക.
- വിദ്യാഭ്യാസയോഗ്യതയുള്ള പട്ടികവർഗ്ഗക്കാരെ ഉപയോഗിച്ച് കോളനികളിൽ ട്യൂഷൻ സെന്ററുകൾ ആരംഭിക്കുക.
- സാക്ഷരതാ മിഷന്റെ സഹകരണത്തോടെ തുല്യതാ പദ്ധതിയിൽ നിരക്ഷരരായ മുഴുവൻ പട്ടികവർഗ്ഗക്കാരേയും ഉൾപ്പെടുത്തുക.

| ഉന്നത വിദ്യാഭ്യാസരംഗം |
|---|
| • ഉന്നത വിദ്യാഭ്യാസം നേടാത്തവരുടെ എണ്ണം 97.99 ശതമാനത്തിൽ നിന്ന് 5 വർഷത്തിനകം 10 ശതമാനം കുറച്ച് 87.99 ശതമാനമാക്കുക. |
| • ഉന്നത വിദ്യാഭ്യാസം ഇല്ലാത്തവർ പഞ്ചായത്ത് ശരാശരിയുടെ മുകളിൽ നിൽക്കുന്ന സമുദായങ്ങളുടെ ഉന്നതവിദ്യാഭ്യാസനിലവാരം പഞ്ചായത്ത് ശരാശരിയിൽ എത്തിക്കുക. |
| • സെക്കണ്ടറി തലം കഴിയുന്നവർക്ക് ശാസ്ത്ര, സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ പഠിക്കുന്നതിന് അവസരമൊരുക്കുക. |
| • ട്യൂഷൻ ഫീസ്,. പരീക്ഷാഫീസ് മുതലായവ നൽകുക. |
| • വിദ്യാഭ്യാസ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾ സമയാസമയങ്ങളിൽ പരിഹരിക്കുന്നതിനാവശ്യമായ പിന്തുണാ സംവിധാനം ഏർപ്പെടുത്തുക. |

| കൊഴിഞ്ഞുപോക്ക് തടയുക |
|---|
| • പഠനോപകരണങ്ങളും മറ്റു സഹായങ്ങളും യഥാസമയം നൽകുക |
| • പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം നിരീക്ഷിച്ച് സഹായം നൽകുക |
| • കൊഴിഞ്ഞുപോക്ക് പൂർണ്ണമായും തടയുന്നതിനാവശ്യമായ സമൂഹത്തിന്റെ ഇടപെടലുകൾ സൃഷ്ടിക്കുക |

### 3.3 ആരോഗ്യ മേഖലയിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളും കാരണങ്ങളും നിർദ്ദേശങ്ങളും

ആരോഗ്യ രംഗത്തെ 'കേരള മാതൃക' ലോക ശ്രദ്ധ നേടിയതാണെങ്കിലും അതിന്റെ ഗുണഫലങ്ങൾ അനുഭവ വേദ്യമായിട്ടില്ലാത്ത വിഭാഗമാണ് ഗോത്രവർഗ്ഗ വിഭാഗങ്ങൾ. ആരോഗ്യനിലവാരത്തിലും ആയുർ ദൈർഘ്യത്തിലും പൊതു സമൂഹത്തിന് പിന്നിൽ നിൽക്കുന്ന ഇവരിൽ ചില വിഭാഗങ്ങൾ നാമാവശേഷമാകുന്ന സ്ഥിതിയാണുള്ളത്. അമിതമായ മദ്യപാനവും മറ്റ് ലഹരികളുടെ ഉപയോഗവും പോഷകമൂല്യമുള്ള ഭക്ഷണത്തിന്റെ അപര്യാപ്തയും സർവ്വോപരി പട്ടിണിയും ഇവരുടെ അനാരോഗ്യത്തിന് കാരണമായിത്തീരുന്നു. ശൈശവ വിവാഹങ്ങളുടെ ഫലമായുണ്ടാകുന്ന കൗമാരപ്രസവങ്ങളോടനുബന്ധിച്ച് അമ്മയുടെയും കുഞ്ഞിന്റേയും ആരോഗ്യപ്രശ്നങ്ങൾ രൂപംകൊള്ളുന്നതും വെല്ലുവിളിയാണ്. രോഗം വന്നാൽ ചികിത്സ തേടുന്നതിലുള്ള വൈമുഖ്യം ഇവരെ അനാരോഗ്യത്തിലേക്കും മരണത്തിലേക്കും തള്ളി വിടുന്ന ചികിത്സ തേടുന്നതിലൂടെയുള്ള ആരോഗ്യ സംരക്ഷണപദ്ധതിയാണ് ഈ മേഖലക്ക് അനുയോജ്യം. പരമ്പരാഗത കിഴങ്ങിനങ്ങൾ, ഇലക്കറികൾ, പച്ചക്കറികൾ തുടങ്ങി പോഷകാഹാരത്തികവുള്ള ഭക്ഷണങ്ങളുടെ ഉത്പാദനവും ഉപയോഗവും ഇവയ്ക്കൊക്കെ ഒരു പരിഹാരമായി കണ്ടു കൊണ്ടുള്ള പദ്ധതിക്കാണ് രൂപം കൊടുക്കേണ്ടത് (പട്ടിക 59).

പട്ടിക 59: ആരോഗ്യം – പ്രശ്നങ്ങൾ, കാരണങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ

| പ്രധാന പ്രശ്നം: പോഷകാഹാരക്കുറവ് | |
|---|---|
| **പ്രശ്നങ്ങൾ/കാരണങ്ങൾ** | **പരിഹാര നിർദ്ദേശങ്ങൾ** |
| പോഷകാഹാരക്കുറവ് | പോഷകശോഷണം ഉള്ളവരെ കണ്ടെത്തി ആവശ്യമായ സമ്പുഷ്ടാഹാരം നൽകുക |
| ഭക്ഷണശീലം | പരമ്പരാഗത ഭക്ഷണത്തിന്റെ പ്രചരണവും വ്യാപനവും |
| **പ്രധാന പ്രശ്നം: ലഹരി/മദ്യാസക്തി** | |
| മദ്യത്തോടുള്ള അഭിനിവേശം | ബോധവത്കരണം, നിയമനടപടികൾ, ചികിത്സ |
| മദ്യാസക്തി കൊണ്ടുള്ള രോഗങ്ങൾ | ശുചിത്വമുള്ള വീടുകളും പരിസരവും, മദ്യത്തിനെതിരായുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക |
| ലഹരി/പുകയിലമുറുക്ക് | ബോധവത്കരണം, കോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സംരക്ഷണ സമിതികളെ ശക്തിപ്പെടുത്തുക |

| പ്രധാന പ്രശ്നം: രോഗാതുരത | |
|---|---|
| പകർച്ചവ്യാധികൾ പെട്ടെന്ന് വ്യാപിക്കുന്നു പഴയ ഭക്ഷണ രീതി ഉപേക്ഷിച്ച് പൊറോട്ട പോലുള്ള ഭക്ഷണങ്ങളിലേക്കുള്ള മാറ്റം പെട്ടെന്ന് രോഗം വ്യാപിപ്പിക്കുന്നു. | രോഗ പ്രതിരോധ ശക്തി കൂട്ടുക |
| മാരകരോഗങ്ങളുടെ പ്രശ്നങ്ങൾ | ചികിത്സ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക |
| ശുചിത്വബോധമില്ലായ്മ | ബോധവത്കരണം, മാസത്തിലൊരിക്കലെങ്കിലും കോളനിയും പരിസരവും സമ്പൂർണ്ണമായി ശുചീകരിക്കുക |
| ആരോഗ്യകേന്ദ്രങ്ങളുടെ ദൂരവും ഇല്ലായ്മയും | കൂടുതൽ ആരോഗ്യ കേന്ദ്രങ്ങൾ തുറക്കുക. കോളനികൾ കേന്ദ്രീകരിച്ച് പ്രതിമാസ ക്യാമ്പുകൾ നടത്തുക. മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക |
| മാനസിക രോഗികളുടെ പ്രശ്നങ്ങൾ | ജില്ലാതലത്തിലെങ്കിലും മാനസികാരോഗ്യകേന്ദ്രം തുറക്കുക |
| ആശുപത്രികളിൽ പോകാനുള്ള മടി | ബോധവത്കരണം, വാഹനസൗകര്യമേർപ്പെടുത്തൽ |

**3.3.1 ദീർഘകാല ലക്ഷ്യങ്ങൾ**

- നിത്യരോഗികളുടെ ചികിത്സക്കും പരിചരണത്തിനും സംവിധാനമൊരുക്കുക
- ജനകീയ ആരോഗ്യ സംരക്ഷണ സേന രൂപീകരിച്ച് ആരോഗ്യമേഖലയിൽ ഇടപെടുക
- വീടുകളിൽ ചെന്ന് ബി.പി., ഷുഗർ പരിശോധന
- ലഹരിവിമുക്ത കോളനികൾ
- വയോജനങ്ങൾക്ക് പ്രത്യേക ആരോഗ്യ പരിചരണം
- ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം
- കുറഞ്ഞ ചെലവിൽ രോഗനിർണയവും ചികിത്സയും
- ഭിന്നശേഷിയുള്ളവർക്ക് സമഗ്ര ആരോഗ്യ പദ്ധതി
- ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക
- പ്രതിമാസ മെഡിക്കൽ ക്യാമ്പുകൾ
- ഭിന്നശേഷിയുള്ളവർക്കും മാനസികരോഗികൾക്കും പ്രത്യേക പരിഗണന
- പാലിയേറ്റീവ് കെയർ സംവിധാനത്തിന്റെ സേവനം കോളനികളിൽ കൂടുതൽ കേന്ദ്രീകരിക്കുക
- സൗജന്യ മരുന്നുവിതരണവും പോഷകാഹാരകിറ്റ് വിതരണവും
- ലഹരി, പുകയില മുറുക്ക്, മദ്യപാനം തുടങ്ങിയവക്കെതിരെ ബോധവത്കരണം
- ലഹരി വസ്തുക്കളുടെ നിരോധനം
- വ്യക്തി ശുചിത്വത്തിനും പരിസര ശുചിത്വത്തിനും മുൻഗണന
- ആരോഗ്യപ്രവർത്തകരുടെ സേവനം ഉറപ്പാക്കൽ
- ആശുപത്രികളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക പരിഗണന
- ചികിത്സാ സഹായവും മറ്റും സമയബന്ധിതമായി നൽകൽ
- ആരോഗ്യകേന്ദ്രങ്ങളുടെ നവീകരണവും പുതിയവ ആരംഭിക്കലും

### 3.4 തൊഴിൽ മേഖലയിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളും കാരണങ്ങളും നിർദ്ദേശങ്ങളും

ഒരു സമൂഹത്തിന്റെ പുരോഗതിയുടെ അളവുകോൽ അവിടുത്തെ ദാരിദ്ര്യത്തിന്റെ രൂക്ഷതയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിന് തൊഴിലും വരുമാനവും ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇതിനായി കാർഷിക, മൃഗസംരക്ഷണ, ക്ഷീരവികസന, ചെറുകിട വ്യവസായ, ടൂറിസ, സ്വയം തൊഴിൽ, തൊഴിലുറപ്പ് സംവിധാനങ്ങൾ എന്നിവയിൽ ഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് അനുയോജ്യമായവ തിരഞ്ഞെടുത്ത് അവ പരിപോഷിപ്പിച്ച് വരുമാനവും തൊഴിലും ഉറപ്പാക്കാൻ കഴിയേണ്ടതുണ്ട്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യമേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ കോച്ചിംഗ്, കരിയർ ഗൈഡൻസ് എന്നിവ നൽകി തൊഴിൽ രംഗത്ത് മുന്നേറ്റമുണ്ടാക്കാൻ കഴിയും. ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുമായി സഹകരിച്ച് മാംസാവശ്യത്തിനുള്ള പോത്ത്, ആട്, കോഴി, മുയൽ വളർത്തൽ നടപ്പിലാക്കുക. ടൂറിസത്തിന്റെ സാധ്യതകളും പരമ്പരാഗത ഉൽപ്പന്നനിർമ്മാണ വൈദഗ്ദ്ധ്യവും സംയോജിപ്പിച്ച് തൊഴിലും വരുമാനവും ഉറപ്പാക്കാൻ ഈ മേഖലയിലൂടെ സാധിക്കും. പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് പുറമേ ആഭരണനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും അവ വിൽപ്പന നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്താൽ വരുമാന വർദ്ധനവിനുള്ള പദ്ധതിയായി അത് മാറ്റാൻ കഴിയും. വിവിധ പരിശീലനങ്ങൾ, സംരഭകത്വ കോഴ്സ്, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്നിവ ഇതിന്റെ ഭാഗമായി ഉണ്ടാവണം. (പട്ടിക 60).

**പട്ടിക 60: തൊഴിൽ – പ്രശ്നങ്ങൾ, കാരണങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ**

| പ്രധാന പ്രശ്നം: തൊഴിലില്ലായ്മ | |
|---|---|
| **പ്രശ്നങ്ങൾ/കാരണങ്ങൾ** | **പരിഹാര നിർദ്ദേശങ്ങൾ** |
| പോഷകാഹാരക്കുറവ് | പോഷക ശോഷണം ഉള്ളവരെ കണ്ടെത്തി ആവശ്യമായ സമ്പുഷ്ടാഹാരം നൽകുക |
| സ്ഥിരമായി തൊഴിൽ ലഭിക്കുന്നില്ല | ഗ്രാമീണതൊഴിലുറപ്പു പദ്ധതി വിപുലീകരിക്കുക |
| പരിശീലനത്തിന്റെ അഭാവം | ആധുനിക തൊഴിൽ രീതികളിൽ പരിശീലനവും തുടർപരിശീലനവും നൽകുക, കാർഷിക കർമ്മസേന പോലുള്ള സംവിധാനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുക |
| വർഷകാലത്തെ തൊഴിൽ കുറവ് | മഴക്കാലമുൾപ്പെടെ തൊഴിൽ കുറവുള്ള സമയങ്ങളിൽ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത വർദ്ധിപ്പിക്കുക |
| കാർഷികമേഖലയിലെ പ്രതിസന്ധി | ശാസ്ത്രീയ കൃഷി രീതികൾ വ്യാപിപ്പിക്കുകയും തൊഴിലെടുക്കുന്നവർക്ക് പരിശീലനം നൽകുകയും ചെയ്യുക |
| തൊഴിലിടങ്ങളിലെ ചൂഷണം | ബോധവത്കരണം, നിയമനടപടികൾ |
| **പ്രധാന പ്രശ്നം: വരുമാനക്കുറവ്** | |
| കൂലിയുടെ കാര്യത്തിലുള്ള അസമത്വം | സ്ത്രീ പുരുഷഭേദമെന്യേ ഒരേ തൊഴിലിന് ഒരേ കൂലി ഏർപ്പെടുത്തുക, നിയമനടപടികൾ കർശനമാക്കുക |
| ഇടനിലക്കാരുടെ ചൂഷണം | വനവിഭവങ്ങളും മറ്റും ചുരുങ്ങിയ വിലക്ക് ഇടനിലക്കാർ തട്ടിയെടുക്കുന്നതു തടയാൻ നിയമമുണ്ടാക്കുക കൂടുതൽ സഹകരണസ്ഥാപനങ്ങൾ (പട്ടികവർഗ്ഗക്കാർ നേതൃത്വം നൽകുന്നത്) തുടങ്ങുക |
| മദ്യം നൽകി ജോലി ചെയ്യിക്കൽ | കർശനമായ നിയമനടപടികൾ സ്വീകരിക്കുക. ബോധവത്കരണം നടത്തുക |
| സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ് | പുതിയ തൊഴിൽ പരിശീലനങ്ങൾ നൽകുക |
| സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള പ്രയാസങ്ങൾ | കൂടുതൽ സാമ്പത്തികസഹായം അനുവദിക്കുക, പലിശരഹിത വായ്പകൾ അനുവദിക്കുക, ഗ്രൂപ്പ് സംരംഭങ്ങൾക്ക് പ്രോത്സാഹനവും വൈദഗ്ദ്യ പരിശീലനവും നൽകുക |
| കൃഷിയിൽ നിന്നുള്ള വരുമാന കുറവ് | നിലവിൽ കൈവശമുള്ള കൃഷിഭൂമിയിൽ കൃഷി ചെയ്യുന്നതിനു സഹായമനുവദിക്കുക |
| | നിലവിൽ കൃഷിചെയ്യുന്നവർക്ക് വളം, വിത്ത് തുടങ്ങിയവക്ക് സബ്സിഡി നൽകി പ്രോൽസാഹിപ്പിക്കുക |
| | കൃഷിയിലേക്ക് വരാത്ത പണിയൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളുടെ വീടുകളിൽ ഗ്രോബാഗ് പച്ചക്കറി കൃഷി നടത്തുകയും കുട്ടികളെ അതിന്റെ പരിപാലന ചുമതല ഏൽപ്പിക്കുകയും ചെയ്യുക. |
| | അധികം ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും കുടുംബശ്രീ ഔട്ട് ലെറ്റുകൾ ഉപയോഗപ്പെടുത്തുക |

| | |
|---|---|
| | തരിശായി കിടക്കുന്ന കര ഭൂമിയിൽ അത്യുൽപ്പാദന ശേഷിയുള്ള പ്ലാവ്, മാവ് തൈകൾ വച്ച് പിടിപ്പിക്കുകയും ഇതിന്റെ ഫലങ്ങൾ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ പരിശീലനം നൽകുകയും യൂണിറ്റ് ആരംഭിക്കുകയും ചെയ്യുക |
| | വാർഡ് കേന്ദ്രീകരിച്ച് നടന്നുവരുന്ന കാർഷിക നഴ്സറികൾ കോളനി കേന്ദ്രീകരിച്ച് നടപ്പാക്കുക |
| ലഘു വ്യവസായങ്ങൾ | കുടിൽ വ്യവസായങ്ങൾക്കും ചെറുകിട വ്യവസായങ്ങൾക്കുമാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വൈദഗ്ദ്ധ്യ പരിശീലനവും നൽകുക |

### 3.4.1 ദീർഘകാല ലക്ഷ്യങ്ങൾ

**കാർഷിക മേഖലയുടെ വികസനം**

ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ തൊഴിൽ, വരുമാനം, ഭക്ഷ്യസുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിന് കാർഷികമേഖല ഉപയോഗപ്പെടുത്താൻ കഴിയും. ഇതിനായി ഒരു കാർഷിക വികസന സമഗ്രപദ്ധതി നടപ്പാക്കാൻ ലക്ഷ്യമിടുന്നു. നീർത്തട സംരക്ഷണത്തിനും ഭക്ഷ്യസുരക്ഷക്കും ഊന്നൽ നൽകി തൊഴിൽ ലഭ്യത ഉറപ്പുവരുത്തി നെൽകൃഷി, പച്ചക്കറി, കിഴങ്ങ് കൃഷികൾ എന്നിവക്ക് ഊന്നൽ നൽകും. കാർഷിക കർമസേന എന്ന പേരിൽ യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് കാർഷികവൃത്തി ചെയ്യുവാനും അത് വഴി ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചും ചെലവ് കുറച്ചും കർഷകന് കൂടുതൽ മെച്ചമുണ്ടാക്കുകയും യന്ത്രോപകരണങ്ങളുടെ ഉപയോഗം വഴി തൊഴിലെടുക്കുന്നവർക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുകയും ചെയ്യും. ഇതിനായി സന്നദ്ധരായ യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകും. പച്ചക്കറിയും കിഴങ്ങ് വിളകളും വ്യാപിപ്പിക്കുന്നതിനായി വിത്ത് വാങ്ങി നൽകുകയും തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി അവ നടുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്യുന്ന പദ്ധതി മുഴുവൻ കോളനികളിലേക്കും വ്യാപിപ്പിക്കും.

**പട്ടികവർഗ്ഗ സംഘങ്ങളുടെ രൂപീകരണം**

പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ആരംഭിച്ച് വിവിധ തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്തണം. സ്കിൽഡ് ലേബേഴ്സിന് സൊസൈറ്റി രൂപീകരിക്കുകയും വരുമാനവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ഇത് വഴി ആവിഷ്ക്കരിക്കുകയും ചെയ്യും. ട്രൈബൽ ഇന്റഗ്രേറ്റഡ് ഡവലപ്പമെന്റ് ആന്റ് എമേർജിംഗ് സ്കീം (ടൈഡ്സ്) പദ്ധതി മുഴുവൻ കോളനികളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

**മൃഗ സംരക്ഷണം**

ഗോത്ര വർഗ്ഗ വിഭാഗങ്ങളിൽ നല്ലൊരു പങ്കും മൃഗസംരക്ഷണ മേഖലയെ ആശ്രയിക്കുന്നവരാണ്. ഉപജീവന മാർഗ്ഗമെന്ന നിലയിലും വരുമാന മാർഗ്ഗമെന്ന നിലയിലും ആശ്രയിക്കാവുന്ന മേഖലയാണിത്. വയനാട് ജില്ലയിൽ ഈ മേഖലയിൽ കാര്യക്ഷമമായി ഇടപെട്ട് കൊണ്ടിരിക്കുന്ന ബ്രഹ്മഗിരി മാംസ സംസ്കരണ ഫാക്ടറിയുടെ സാധ്യതകളും മീനങ്ങാടി ക്ഷീരസംഘത്തിന്റെ സഹകരണവും ഉപയോഗപ്പെടുത്തി ഈ മേഖലയിൽ മുന്നേറ്റമുണ്ടാക്കാനാണ് ലക്ഷ്യമിടുന്നത്. പശു വളർത്തലിൽ താൽപര്യമുള്ളവർക്ക് വ്യക്തിഗതമായോ ജെ.എൽ.ജികൾ രൂപീകരിച്ചോ ആധുനികരീതിയിൽ പശുവളർത്തലിന് പദ്ധതി തയ്യാറാക്കുന്നു. ഇതിനോടനുബന്ധിച്ച് ഒഴിഞ്ഞ് കിടക്കുന്ന പൊതു ഇടങ്ങളിൽ തീറ്റപ്പുൽ കൃഷി ചെയ്യുക.

**തൊഴിൽ രഹിതരുടെ എണ്ണം കുറയ്ക്കുക**

- വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതരുടെ എണ്ണം 35.86% ഉള്ളത് രണ്ട് വർഷത്തിനകം തീരെ ഇല്ലാതാക്കുക.
- പഞ്ചായത്തിലെ തൊഴിൽ രഹിതരുടെ ശരാശരിയുടെ മുകളിൽ തൊഴിൽ രഹിതരുള്ള വാർഡുകളിലെയും സമുദായങ്ങളിലേയും തൊഴിൽ രഹിതരുടെ എണ്ണം പഞ്ചായത്ത് ശരാശരിയായ 19.86 ശതമാനത്തിലെത്തിക്കുകയും രണ്ട് വർഷത്തിനുള്ളിൽ മുഴുവൻ പേർക്കും സ്ഥിര വരുമാനവും തൊഴിലും സാധ്യമാക്കുകയും ചെയ്ുക.
- മുഴുവൻ കുടുംബങ്ങൾക്കും നൂറ് ദിവസം തൊഴിലുറപ്പ് ജോലി നൽകുക വഴി അവരുടെ വരുമാനം വർദ്ധിപ്പിക്കുക.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി കാർഷിക കലണ്ടറിനനുസരിച്ച് ക്രമീകരിക്കുക
- യന്ത്രോപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും അവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുക
- കാർഷിക കർമ്മസേന വിപുലീകരിക്കുകയും ഓരോ വർഷവും 50 പേരെ വീതം അംഗങ്ങളാക്കി വരുമാനം ഉറപ്പാക്കുകയും ചെയ്യുക.
- പാരമ്പര്യ കാർഷികവിളകൾ കൃഷി ചെയ്യുന്നതിനു പ്രോത്സാഹനം നൽകുക
- ക്ഷീരമേഖലയുടെ വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകുക
- സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകുക
- കോച്ചിംഗ് സെന്ററുകൾ ആരംഭിച്ച് തൊഴിൽ പരിശീലനവും കരിയർ ഗൈഡൻസും നൽകുക
- ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവർക്കും സാങ്കേതിക യോഗ്യതയുള്ളവർക്കും വിദേശത്തു ജോലി തേടുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക

### 3.5 അടിസ്ഥാന സൗകര്യ മേഖലയിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളും കാരണങ്ങളും നിർദ്ദേശങ്ങളും

സമൂഹത്തിന്റെ പുരോഗതി ഉറപ്പുവരുത്തുന്നതിൽ അടിസ്ഥാനസൗകര്യ വികസനത്തിന് വലിയ പ്രാധാന്യമുണ്ട് വിവിധ സർക്കാറുകൾ പട്ടികവർഗ്ഗ മേഖലയുടെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് പല പദ്ധതികളും ആവിഷ്കരിച്ചെങ്കിലും വിവിധ കാരണങ്ങളാൽ ഈ വിഭാഗം ഇന്നും ഈ മേഖലയിൽ പിന്നാക്കം തന്നെയാണ്. ഭവനം, കുടിവെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യങ്ങൾ പൊതുവഴി തുടങ്ങിയ മേഖലകളിൽ ഇനിയും ഒരുപാട് മുന്നോട്ടു പോകാനുണ്ട്. അതുകൊണ്ട് തന്നെ ഈ മേഖലയിൽ സമഗ്രമായ ഒരു ഇടപെടൽ സാധ്യമാക്കേണ്ടതുണ്ട്. (പട്ടിക 61)

**പട്ടിക 61: അടിസ്ഥാന സൗകര്യം – പ്രശ്നങ്ങൾ, കാരണങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ**

| | |
|---|---|
| **പ്രധാന പ്രശ്നം: വീടും വീടിനു സ്ഥലവും ഇല്ലാത്തവർ** | |
| **പ്രശ്നങ്ങൾ/കാരണങ്ങൾ** | **പരിഹാര നിർദ്ദേശങ്ങൾ** |
| കൂട്ടുകുടുംബങ്ങൾ | ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നതു മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ അകറ്റുന്നതിനു പുതിയ വീടുകൾ അനുവദിക്കുക |
| ജീർണ്ണാവസ്ഥയിലുള്ള വീടുകൾ | പുതിയ വീട് അനുവദിക്കുക |
| വീടിനു സ്ഥലമില്ലാത്തവർ | വീടിനും തൊഴിലെടുക്കുന്നതിനുമാവശ്യമായ ഭൂമി കണ്ടെത്തി നൽകുക |
| **പ്രധാന പ്രശ്നം: മതിയായ ശുചിത്വസൗകര്യങ്ങളുടെ അഭാവം** | |
| ടോയ്ലെറ്റ് സൗകര്യങ്ങൾ | എല്ലാ വീടുകളിലും ആധുനിക ടോയ്ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക. പൊതു കക്കൂസുകൾ സ്ഥാപിക്കുക |
| മലിനജല നിർമ്മാർജ്ജനം | കൂടുതൽ വീടുകൾ ഉള്ള കോളനികളിൽ മലിനജല നിർമ്മാർജ്ജനത്തിനു ഓടകൾ സ്ഥാപിക്കുക |
| **പ്രധാന പ്രശ്നം: വൈദ്യുതീകരിക്കാത്ത വീടുകൾ** | |
| വൈദ്യുതീകരിക്കാത്ത വീടുകൾ | മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുക, വൈദ്യുതി എത്തിയിട്ടില്ലാത്ത കോളനികളിൽ പദ്ധതിയിലുൾപ്പെടുത്തി വൈദ്യുതീകരണം നടത്തുക, വയറിംഗിനു നൽകുന്ന ആനുകൂല്യം കൂട്ടുക. |
| **പ്രധാന പ്രശ്നം: കുടിവെള്ളം** | |
| ശുദ്ധമായ കുടിവെള്ളത്തിന്റെ അഭാവം | വർഷത്തിന്റെ എല്ലാ മാസത്തിലും എല്ലാ കോളനികളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ കുടിവെള്ള പദ്ധതികൾ, കിണറുകൾ, കുഴൽ കിണറുകൾ എന്നിവ സ്ഥാപിക്കുക |

#### 3.5.1 ദീർഘകാല ലക്ഷ്യങ്ങൾ

**താമസയോഗ്യമായ വീട്**

- ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ എണ്ണം 52.37 ശതമാനമുള്ളത് 3 വർഷത്തിനകം 0 ശതമാനമാക്കുക
- പണി പൂർത്തീകരിക്കാനുള്ള 128 വീടുകളുടെ നിർമ്മാണ പ്രവർത്തനം ഒരു വർഷത്തിനകം പൂർത്തികരിക്കുക
- മുഴുവൻ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വാസയോഗ്യമായ വീടുകൾ നിർമ്മിച്ചു നൽകുക
- ഭവനനിർമ്മാണത്തിനും മറ്റു നിർമ്മാണപ്രവർത്തനങ്ങൾക്കും ഗുണമേന്മയുള്ള വസ്തുക്കൾ ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുക

**കുടിവെള്ള ലഭ്യത**

- 3 വർഷത്തിനുള്ളിൽ കുടിവെള്ളം എത്താൻ ബാക്കിയുള്ള മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളമെത്തിക്കുക
- കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുക

**സമ്പൂർണ്ണ വൈദ്യുതീകരണം**

- വൈദ്യുതീകരിക്കാത്ത കുടുംബങ്ങളുടെ എണ്ണം 50.49 ശതമാനമുള്ളത് 3 വർഷത്തിനകം പൂജ്യം ശതമാനമാക്കുക
- മുഴുവൻ കോളനികളും വൈദ്യുതീകരിക്കുക

| സമ്പൂർണ്ണ ശുചിത്വം |
|---|
| • കക്കൂസ് ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം 28.48% ശതമാനമെന്നത് ആദ്യ വർഷം 10%വും തുടർ വർഷത്തിൽ പുജ്യശതമാനവുമാക്കി മാറ്റുക. |
| • കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണത്തിൽ പഞ്ചായത്ത് ശരാശരിയേക്കാളും ഉയർന്ന് നില്ക്കുന്ന വാർഡുകളെയും, സമുദായങ്ങളെയും ഒരു വർഷംകൊണ്ട് പഞ്ചായത്ത് ശരാശരിയിൽ എത്തിക്കുക. |

| മറ്റ് അടിസ്ഥാന സൗകര്യങ്ങൾ |
|---|
| • വീടും സ്ഥലവുമില്ലാത്ത കുടുംബങ്ങളുടെ എണ്ണം 5.12 ശതമാനം ഉള്ളത് 5 വർഷത്തിനകം പൂജ്യം ശതമാനം ആക്കുക. |
| • പഞ്ചായത്ത് ശരാശരിയേക്കാൾ ഉയർന്ന് നിൽക്കുന്ന വാർഡുകളിൽ നിരക്ക് രണ്ട് വർഷത്തിനകം പഞ്ചായത്ത് ശതമാനത്തിലെത്തിക്കുക. |
| • അഞ്ച് വർഷത്തിനകം താമസയോഗ്യമായ വീടില്ലത്ത 971 കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുക. |
| • കൃഷിയിടങ്ങൾ സ്വന്തമാക്കുന്നതിനു സഹായം നൽകുക |
| • കോളനികളിലേക്കുള്ള വഴികൾ ഗതാഗതയോഗ്യമാക്കുക |
| • കോളനികളോടനുബന്ധിച്ച് പൊതു കളിസ്ഥലങ്ങൾ നിർമ്മിക്കുക |
| • കോളനികളോടനുബന്ധിച്ച് പൊതുശ്മശാനങ്ങൾ നിർമ്മിക്കുക |

### 3.6 സാമൂഹ്യ സുരക്ഷിതത്വ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങളും കാരണങ്ങളും നിർദ്ദേശങ്ങളും

ക്ഷേമരാഷ്ട്ര സങ്കൽപത്തിൽ നിർണായക പങ്കാണ് സാമൂഹ്യസുരക്ഷിതത്വത്തിനുള്ളത്. വനിതകൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ തുടങ്ങി പാർശ്വവത്കരിക്കപ്പെട്ട ഗോത്രവർഗ്ഗങ്ങളുടെ ഇടയിൽ കൂടുതൽ അരികുകളിലേക്കും അവിടെ നിന്ന് സമൂഹത്തിന്റെ പുറമ്പോക്കുകളിലേക്കും തൂത്തുമാറ്റപ്പെട്ടവരുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കേണ്ടത് ഒരു അനിവാര്യതയാണ്. ഇവർക്ക് നീതിയും, സുരക്ഷയും, തുല്യ പദവിയും ലഭിക്കുന്ന സമൂഹം മാത്രമാണ് വികസിത സമൂഹം. ഇവരുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ മേഖലയിൽ സജീവമാക്കേണ്ടതുണ്ട്. അതിക്രമങ്ങളും ചൂഷണങ്ങളും തടയുന്നതിനും അവരുടെ ആരോഗ്യം, വിദ്യാഭ്യാസം, വരുമാനം എന്നിവ ഉറപ്പ് വരുത്തുന്നതിലൂടെ സാമൂഹ്യപദവി ഉയർത്തുന്നതിനും നിലവിലുള്ള പദ്ധതികൾ ഉൾച്ചേർത്ത് കൊണ്ട് കൂടുതൽ വിപുലീകൃത പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. കണ്ടെത്തിയ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു വികസന പദ്ധതിക്ക് രൂപം നൽകുകയാണ്. ആദിവാസി വിമൺ ആന്റ് കോളനി എംപവർമെന്റ് കോർപ്സ് (ആവാസ്) എന്ന പേരിൽ പ്രവർത്തിച്ചുവരുന്ന സംഘടനാസംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുക വഴി നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹരിക്കുകയും ചെയ്യുക. (പട്ടിക 62).

**പട്ടിക 62: സാമൂഹ്യ സുരക്ഷിതത്വം – പ്രശ്നങ്ങൾ, കാരണങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ**

| പ്രശ്നങ്ങൾ/കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|
| പ്രായപൂർത്തിയായ പെൺമക്കളുള്ള ഒറ്റപ്പെട്ട അമ്മമാരുടെ പ്രശ്നങ്ങൾ | സംരക്ഷണത്തിനും വിവാഹം ചെയ്ത് അയക്കുന്നതിനുമായി സമഗ്ര പരിപാടികൾ തയ്യാറാക്കുക |
| അവിവാഹിത അമ്മമാരുടെ പ്രശ്നങ്ങൾ | പുതിയതായി ഒരു അവിവാഹിത അമ്മ പോലും സമൂഹത്തിൽ ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക |
| വിധവകളുടെ പ്രശ്നങ്ങൾ | ചെറുപ്പക്കാരായ വിധവകളുടെ പുനർവിവാഹത്തിനും മറ്റുള്ളവരുടെ സംരക്ഷണത്തിനുമാവശ്യമായ നടപടികൾ സ്വീകരിക്കുക |
| ഭർത്താവ് ഉപേക്ഷിച്ചവരുടെ പ്രശ്നങ്ങൾ | വിവാഹബന്ധം പുനസ്ഥാപിക്കുന്നതിനും, പുനർവിവാഹത്തിനും ആവശ്യമായ ബോധവത്കരണം, നിയമനടപടികൾ മുതലായവ സ്വീകരിക്കുക |
| സംരക്ഷിക്കാനാളില്ലാത്ത കുട്ടികളുടെ പ്രശ്നങ്ങൾ | രക്ഷിതാക്കൾ ഉപേക്ഷിച്ചവരേയും മാതാപിതാക്കൾ മരണപ്പെട്ടു പോയതിനാൽ അനാഥരായവരേയും പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്ര പരിപാടി തയ്യാറാക്കുക |
| സംരക്ഷിക്കാനാളില്ലാത്ത വൃദ്ധജനങ്ങൾ നേരിടുന്ന വിവിധതരം പ്രശ്നങ്ങൾ | സംരക്ഷണത്തിനാവശ്യമായ രീതിയിൽ കോളനികളിൽ തന്നെ വൃദ്ധമന്ദിരങ്ങൾ തുറക്കുകയും ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക |

#### 3.6.1 ദീർഘകാല ലക്ഷ്യങ്ങൾ

| വനിതകളുടെയും കുട്ടികളുടേയും ക്ഷേമം |
|---|
| • പഞ്ചായത്തിലുള്ള 16 അവിവാഹിത അമ്മമാരുടെയും വരുമാനവും കുട്ടികളുടെ പഠനവും ഉറപ്പുവരുത്തുക |
| • വിധവകളുടെയും ഉപേക്ഷിക്കപ്പെട്ടവരുടെയും തൊഴിൽ, ആരോഗ്യം, സാമൂഹ്യ സുരക്ഷ എന്നിവ ഉറപ്പാക്കുക |
| • പ്രായപൂർത്തിയായ പെൺമക്കളുള്ള ഒറ്റപ്പെട്ട അമ്മമാർക്ക് പ്രത്യേക സഹായവും പരിരക്ഷയും ഉറപ്പ് വരുത്തുക |
| • സംരക്ഷിക്കാൻ ആളില്ലത്ത 15 കുട്ടികളുടെയും വിദ്യാഭ്യാസം, ആരോഗ്യം, സംരക്ഷണം ഉറപ്പുവരുത്തുക |
| • പ്രായപൂർത്തിയായ പെൺമക്കളുള്ള മുഴുവൻ അമ്മമാർക്കും തൊഴിലും വരുമാനവും ഉറപ്പു വരുത്തുന്ന തരത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക |
| • സ്ത്രീകൾ നേരിടുന്ന വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിന് ജാഗ്രത സമിതിയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുക |
| • സ്ത്രീകളുടെയും, കോളനികളുടെ പൊതുവേയുമുള്ള സംരക്ഷണത്തിനായി രൂപീകരിച്ചിട്ടുള്ള ആദിവാസി വിമൺ ആന്റ് കോളനി എംപവർമെന്റ് കോർപ്സ് (ആവാസ്) എന്ന സംഘടന സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുക |
| • കുടുംബശ്രീ സംവിധാനത്തിന് കീഴിൽ മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തുകയും ഇതു വഴി തൊഴിലധിഷ്ടിതവും അല്ലാത്തതുമായ വിവിധ പദ്ധതികളുടെ സാധ്യതകൾ പരമാവധി ഉപയോഗിക്കുകയും ചെയ്യുക |
| • വയോജന ക്ലബുകൾ സജീവമാക്കുകയും പഞ്ചായത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്ന സമഗ്രവയോജന ആരോഗ്യപദ്ധതിയുടെ ഗുണഫലങ്ങൾ മുഴുവൻ ഗോത്രവയോജനങ്ങൾക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക |
| • കുട്ടികളുടെ ആരോഗ്യവും വിദ്യാഭ്യാസവും അവകാശങ്ങളും സംരക്ഷിക്കുന്നതിനും അവ കൂടുതൽമെച്ചപ്പെടുത്തുന്നതിനും പരിശ്രമിക്കുക |

| വയോജനങ്ങളുടെയും ഭിന്നശേഷിയുള്ളവരുടെയും ക്ഷേമം |
|---|
| • പെൻഷന് അർഹതയുള്ള മുഴുവൻ ആളുകൾക്കും പെൻഷൻ ലഭ്യമാക്കുക |
| • സംരക്ഷിക്കാൻ ആളില്ലാത്ത 30 വയോജനങ്ങളെയും അതാത് കോളനികളിൽ തന്നെ സംരക്ഷിക്കുന്നതിനുള്ള സംവിധാനമൊരുക്കുക |
| • തൊഴിലും വരുമാനവും ഉറപ്പാക്കി ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക |
| • ഭിന്നശേഷിയുള്ളവരുടെ സമസ്ഥ മേഖലകളിലുമുള്ള വികസനം സാധ്യമാക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുക |

## 3.7 പട്ടികവർഗ്ഗ വികസന നയം, കാഴ്ചപ്പാട്

മുകളിൽ പറഞ്ഞ വിലയിരുത്തലുകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ പട്ടികവർഗ്ഗ വികസന നയത്തിന്റെയും കാഴ്ചപ്പാടിന്റെയും ചുരുക്കം താഴെ ചേർക്കുന്നു.

| പട്ടിക വർഗ്ഗ വികസനനയം, കാഴ്ചപ്പാട് |
|---|
| • പട്ടികവർഗ്ഗ ഉപപദ്ധതിയിലൂടെ ഫണ്ട് പൂർണ്ണമായും ഗുണമേന്മയോടെ അവരുടെ ക്ഷേമത്തിനായി വിനിയോഗിക്കും. |
| • മീനങ്ങാടി ഗ്രാമപഞ്ചായത്തിനെ 2022 വർഷത്തോടുകൂടി ഗോത്രസൗഹൃദ പഞ്ചായത്ത് ആക്കി മാറ്റുക എന്ന നയത്തിലൂന്നിയാണ് വരും വർഷങ്ങളിലെ ഗോത്രവർഗ്ഗ പദ്ധതികൾക്ക് രൂപം നൽകുന്നത്. വൃത്തിയും വെളിച്ചവും കുടിവെള്ള സൗകര്യങ്ങളുമുള്ള കോളനികളും പാർപ്പിടം, വഴി സൗകര്യം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളും സാധ്യമാക്കും. |
| • കുടുംബകേന്ദ്രീകൃത സമീപനത്തിലൂന്നി അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം, വരുമാനം എന്നിവ ഉറപ്പുവരുത്തും. |
| • പഞ്ചായത്തിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വൈദ്യുതിയും കുടിവെള്ള ലഭ്യതയുമുള്ള സുരക്ഷിതമായ വീടുകൾ, മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കും. |
| • ഗോത്ര വിഭാഗങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും തടയുന്നതിന് രൂപീകരിച്ചിട്ടുള്ള ആവാസ് എന്ന സംഘടനാ സംവിധാനത്തെ വിവിധ മേഖലകളിലെ വിദഗ്ധരുടെയുടെയും നിയമപാലകരുടെയും പട്ടികവർഗ്ഗ വകുപ്പിന്റെയും സഹായത്താൽ വിപുലീകരിക്കും. സമഗ്രവികസനം സാധ്യമാക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഏതാനും കോളനികളിൽ നടപ്പിലാക്കുകയും വിജയകരമാവുകയും ചെയ്ത മാതൃക പദ്ധതിയായ ട്രൈബൽ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ആന്റ് എമേർജിംഗ് സ്കീം (ടൈഡ്സ്) എന്ന പദ്ധതി മുഴുവൻ കോളനികളിലേക്കും വ്യാപിപ്പിക്കും. |
| • ഗോത്രകലകളും സാംസ്കരിക തനിമകളും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. |
| • പ്രദേശത്തിനും സംസ്കാരത്തിനും സമുദായത്തിനും അനുസരിച്ച സമീപനത്തിലൂന്നി പ്രാദേശികവികസനവും ജീവിത നിലവാരമുയർത്തലും സാധ്യമാക്കും. തൊഴിലും വരുമാനവും വർദ്ധിപ്പിച്ചും ജീവിത നിലവാരം ഉയർത്തിയും അടിസ്ഥാന സൗകര്യങ്ങൾ സ്വയം ആർജ്ജിക്കാൻ ഇവരെ പ്രാപ്തരാക്കും. |
| • ഗോത്രവർഗ്ഗ വിഭാഗങ്ങളെ മാറ്റി നിർത്തി സമഗ്രവികസനം അസാധ്യമാണെന്ന് പൊതു സമൂഹത്തെ ബോധ്യപ്പെടുത്താനും പൊതു സമൂഹത്തിന്റേ പിന്തുണ ഉറപ്പാക്കാനുമുള്ള പരിപാടികൾ നടപ്പിലാക്കും. |

- ഉപപദ്ധതി ഫണ്ടിന് പുറമേ ജനറൽ ഫണ്ടും മറ്റ് സംവിധാനങ്ങളിൽ നിന്നും ലഭിക്കാവുന്ന ഫണ്ടുകളും ഇവരുടെ വികസനത്തിനായി വിനിയോഗിക്കും. ധനപരവും പ്രവർത്തനപരവുമായ സംയോജനം സാധ്യമാക്കും. അഭിപ്രായപ്രകടനം, തീരുമാനമെടുക്കൽ, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ മേഖലയിലും ഘട്ടങ്ങളിലും 'വികസന പങ്കാളിത്തം' സാധ്യമാക്കും.
- ഊരുകൂട്ടങ്ങൾ സജീവവും ക്രിയാത്മകവുമാക്കുക വഴി പങ്കാളിത്തത്തിലൂടെയുള്ള ജനാധിപത്യവത്കരണം സാധ്യമാക്കും.
- അതിജീവനത്തിനായി പാരമ്പര്യവും നൂതനവുമായ തൊഴിൽ സാധ്യതകളെ ഉപയോഗപ്പെടുത്തും.
- പരമ്പരാഗത ജീവിതരീതികളുടെ പുനക്രമീകരണത്തിലൂടെ പോഷകാഹാര സംപുഷ്ടമായ ഭക്ഷണവും ആരോഗ്യപൂർണ്ണമായ ജീവിതവും ഉറപ്പാക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ വരും വർഷങ്ങളിൽ നടപ്പിലാക്കും.
- തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന് യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം, കരിയർ ഗൈഡൻസ് പരിപാടികൾ മുതലായവ ആവിഷ്കരിക്കും.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും മോചിപ്പിക്കുന്നതിന്, നിലവിൽ നടപ്പിലാക്കി വരുന്ന സാന്ത്വന സൗഹൃദം പരിപാടി മുഴുവൻ കോളനികളിലേക്കും വ്യാപിപ്പിക്കും.
- സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളെയും സ്കൂളുകളിലെത്തിക്കുന്നതിനും പഠനം ഇടക്കു വച്ചു നിർത്തി പോകുന്നതു തടയുന്നതിനും കോളനികളിൽ സമിതികൾ രൂപീകരിക്കുന്നതിനും അവയിൽ സ്കൂൾ അധികൃതരുടേയും സമീപ പ്രദേശങ്ങളിലെ പൊതുവിഭാഗത്തിൽപെട്ടവരുടേയും സഹകരണം ഉറപ്പു വരുത്തുകയും ചെയ്യും.
- നിരക്ഷരരായ മുഴുവൻ പേർക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പു വരുത്തും. മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നവർക്ക് ആവശ്യമായ പരിശീലനവും തുടർന്നുള്ള സഹായ പ്രവർത്തനങ്ങളും പഞ്ചായത്ത് ഏറ്റെടുക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന വനിതകൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ വികസനത്തിനായി പ്രത്യേകം ഊന്നൽ നല്കും.

### 3.7.1 വികസന സമീപനം

- ❖ ഭൂപ്രദേശത്തിന്റെയും ജനതയുടെയും സമഗ്രവികസനവും പുരോഗതിയും
- ❖ പങ്കാളിത്ത ആസൂത്രണവും നിർവ്വഹണവും മോണിറ്ററിംഗും
- ❖ സാമൂഹ്യ നീതിയലധിഷ്ടിതമായ വികസനം
- ❖ സംയോജന സാധ്യതകളുടെ ഉപയോഗം
- ❖ പൗരൻ എന്ന നിലയിൽ പൊതുഫണ്ടിനുള്ള അവകാശം
- ❖ പൊതു വിഭാഗത്തിന്റെ പിന്തുണയും സഹായവും

### 3.7.2 വികസന മുൻഗണന

- ❖ ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ച
- ❖ പരിസ്ഥിതിയുടേയും പ്രകൃതി വിഭവങ്ങളുടേയും സംരക്ഷണം
- ❖ മാനവ വികസനം
- ❖ ജീവിത ഗുണനിലവാരം ഉയർത്തൽ
- ❖ സദ്ഭരണം, സാമൂഹ്യ നീതി എന്നിവ ഉറപ്പാക്കൽ
- ❖ ആസ്തികൾ സൃഷ്ടിക്കൽ – നിലവിലുള്ളവയുടെ സംരക്ഷണം, പരിപാലനം എന്നിവ ഉറപ്പാക്കൽ

# അദ്ധ്യായം 4
# വാർഷിക പദ്ധതി (2015-16)

മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ ഗോത്രവർഗ്ഗങ്ങളുടെ അവസ്ഥാവിശകലനത്തിന്റെ പശ്ചാത്തലത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും പദ്ധതികളും സംബന്ധിച്ച് വ്യക്തത വരുത്തി വാർഷിക പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ഇതിനായി അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തനങ്ങളും ദീർഘകാല ലക്ഷ്യത്തിലെത്താനുള്ള പ്രവർത്തനങ്ങളും തയ്യാറാക്കി ഓരോ വിഷയ മേഖലകളിലും അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ ഉൾച്ചേർത്തുകൊണ്ടാണ് വാർഷിക പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. (പട്ടിക 63).

**പട്ടിക 63.1: പ്രോജക്ട് സംക്ഷിപ്തം**

| മേഖല | ടി.എസ്.പി. | കുടുംബശ്രീ | എം.ജി.എൻ. ആർ.ഇ. ജി.എസ്. | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| ഉല്പാദനം | 14,00,000 | 5,50,000 | 3,63,00,000 | 1,50,000 | 3,00,000 | 3,87,00,000 |
| സേവനം | 11,00,000 | 50,000 | 2,50,000 | 0 | 0 | 14,00,000 |
| വിദ്യാഭ്യാസം | 28,00,000 | 50,000 | 18,00,000 | 0 | 0 | 46,50,000 |
| വനിത വികസനം | 25,00,000 | 14,50,000 | 0 | 12,50,000 | 0 | 52,00,000 |
| തൊഴിൽ | 1,00,000 | 0 | 0 | 0 | 0 | 1,00,000 |
| ആരോഗ്യം | 6,67,150 | 59,00,000 | 2,00,000 | 0 | 0 | 67,67,150 |
| ശുചിത്വം-കുടിവെള്ളം | 17,27,000 | 0 | 0 | 0 | 0 | 17,27,000 |
| പശ്ചാത്തലം | 88,90,000 | 0 | 0 | 0 | 0 | 88,90,000 |
| **ആകെ** | **1,91,84,150** | **80,00,000** | **3,85,50,000** | **14,00,000** | **3,00,000** | **6,74,34,150** |

## 63.2 പ്രോജക്ടുകൾ മേഖല തിരിച്ച്

**63.2.1: ഉല്പാദനം**

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥർ | ടി.എസ്.പി. | കുടുംബശ്രീ | എം.ജി.എൻ. ആർ.ഇ. ജി.എസ്. | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1 TIDES | AS | 0 | 2,00,000 | 2,50,00,000 | 0 | 0 | 2,52,00,000 |
| 2 അഗ്രോ റൂട്ട് & വെജ് | AO | 2,00,000 | 0 | 0 | 0 | 0 | 2,00,000 |
| 3 പുരയിടകൃഷിക്ക് വളം സബ്സിഡി. | AO | 2,50,000 | 0 | 0 | 1,50,000 | 0 | 4,00,000 |
| 4 നെൽകൃഷി പ്രോത്സാഹനം | AO | 2,00,000 | 0 | 0 | 0 | 3,00,000 | 5,00,000 |
| 5 സംഘകൃഷിക്ക് ധനസഹായം | AS | 0 | 1,00,000 | 0 | 0 | 0 | 1,00,000 |
| 6 കാർഷിക നഴ്സറി സ്ഥാപിക്കൽ | AS | 0 | 0 | 75,00,000 | 0 | 0 | 75,00,000 |
| 7 കാലിത്തീറ്റ സബ്സിഡി | VS | 3,00,000 | 0 | 0 | 0 | 0 | 3,00,000 |
| 8 തീറ്റപ്പുൽ കൃഷി | AO | 1,00,000 | 0 | 0 | 0 | 0 | 1,00,000 |
| 9 ക്ഷീര സാഗരം | AS | 0 | 1,00,000 | 0 | 0 | 0 | 1,00,000 |
| 10 തൊഴുത്തു നിർമ്മാണം | AS | 0 | 0 | 15,00,000 | 0 | 0 | 15,00,000 |
| 11 ആട്ടിൻകൂട് നിർമ്മാണം | AS | 0 | 0 | 10,00,000 | 0 | 0 | 10,00,000 |
| 12 കുളങ്ങൾക്ക് കയർമാറ്റ് വിരിക്കൽ | AS | 0 | 0 | 3,00,000 | 0 | 0 | 3,00,000 |
| 13 കാർഷിക കർമ്മസേന | AO | 3,50,000 | 1,50,000 | 10,00,000 | 0 | 0 | 15,00,000 |
| **ആകെ** | | **14,00,000** | **5,50,000** | **3,63,00,000** | **1,50,000** | **3,00,000** | **3,87,00,000** |

പട്ടിക 63.2.2: സേവനം

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥർ | ടി.എസ്.പി. | കുടുംബശ്രീ | വകുപ്പ്തലം | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1 സാന്ത്വന സൗഹൃദം | MO (AYUR) | 1,50,000 | 50,000 | 1,50,000 | 0 | 0 | 3,50,000 |
| 2 ട്രൈബൽ കൾച്ചറൽ സ്റ്റഡി സെന്റർ | HM | 5,00,000 | 0 | 0 | 0 | 0 | 5,00,000 |
| 3 വയോജന സമഗ്ര വികസന പദ്ധതി | ICDS | 2,00,000 | 0 | 0 | 0 | 0 | 2,00,000 |
| 4 വയോജന ആരോഗ്യ പദ്ധതി | MO (AYUR) | 2,50,000 | 0 | 1,00,000 | 0 | 0 | 3,50,000 |
| **ആകെ** | | **11,00,000** | **50,000** | **2,50,000** | **0** | **0** | **14,00,000** |

പട്ടിക 63.2.3: വിദ്യാഭ്യാസം

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥർ | ഗുണഭോക്താക്കളുടെ എണ്ണം | ടി.എസ്. പി. | കുടുംബശ്രീ | എം.ജി.എൻ. ആർ.ഇ. ജി.എസ്. | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|
| 1 സമഗ്ര വിദ്യാഭ്യാസ പദ്ധതി | HM | 853 | 6,00,000 | 0 | 0 | 0 | 0 | 6,00,000 |
| 2 പഠന മൂല | HM | 100 | 2,00,000 | 0 | 0 | 0 | 0 | 2,00,000 |
| 3 പ്രഭാത ഭക്ഷണം | HM | 853 | 4,00,000 | 0 | 0 | 0 | 0 | 4,00,000 |
| 4 സൗഹൃദക്കൂട്ടം ബാലപഞ്ചായത്ത് | HM | 1118 | 1,00,000 | 50,000 | 0 | 0 | 0 | 1,50,000 |
| 5 കളിക്കളം നിർമ്മാണം | AS | 1118 | 0 | 0 | 18,00,000 | 0 | 0 | 18,00,000 |
| 6 ചൈൽഡ് ഹെൽത്ത് ഡവലപ്പ്മെന്റ മിഷൻ | MO (AYUR) | 1118 | 3,00,000 | 0 | 0 | 0 | 0 | 3,00,000 |
| 7 TIME | HM | 853 | 9,00,000 | 0 | 0 | 0 | 0 | 9,00,000 |
| 8 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ | HM | | 3,00,000 | 0 | 0 | 0 | 0 | 3,00,000 |
| **ആകെ** | | **6013** | **28,00,000** | **50,000** | **18,00,000** | **0** | **0** | **46,50,000** |

പട്ടിക 63.2.4: വനിതാ വികസനം

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥർ | ടി.എസ്. പി. | കുടുംബശ്രീ | എം.ജി.എൻ. ആർ.ഇ. ജി.എസ്. | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1 പോഷാകാഹാര വിതരണം | ICDS | 11,00,000 | 0 | 0 | 0 | 0 | 11,00,000 |
| 2 മാതൃ-ശിശു ആരോഗ്യ പരിചരണം | MO (AYUR) | 2,00,000 | 0 | 0 | 0 | 0 | 2,00,000 |
| 3 വനിത വികസന സമഗ്ര പദ്ധതി | ICDS | 5,00,000 | 2,00,000 | 0 | 0 | 0 | 7,00,000 |
| 4 ഒറ്റപ്പെട്ട അമ്മമാരുടെ മക്കളുടെ സംരക്ഷണം | ICDS | 2,00,000 | 0 | 0 | 0 | 0 | 2,00,000 |
| 5 സ്വയംതൊഴിൽ യൂണിറ്റുകൾ ആരംഭിക്കൽ | AS | 0 | 12,50,000 | 0 | 12,50,000 | 0 | 25,00,000 |
| 6 കുടുംബശ്രീ കേന്ദ്രീകൃത വികസന പദ്ധതി തയ്യാറാക്കൽ | AS | 5,00,000 | 0 | 0 | 0 | 0 | 5,00,000 |
| **ആകെ** | | **25,00,000** | **14,50,000** | **0** | **12,50,000** | **0** | **52,00,000** |

**പട്ടിക 63.2.5: തൊഴിൽ**

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥർ | ഗുണഭോക്താക്കളുടെ എണ്ണം | ടി.എസ്.പി. | കുടുംബശ്രീ | എം.ജി.എൻ.ആർ.ഇ.ജി.എസ്. | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|
| 1 സ്കിൽസ് ലേബർ സൊസൈറ്റി രൂപീകരണം | AS | 100 | 1,00,000 | 0 | 0 | 0 | 0 | 1,00,000 |

**പട്ടിക 63.2.6: ആരോഗ്യം**

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥർ | ടി.എസ്.പി. | കുടുംബശ്രീ | എം.ജി.എൻ.ആർ.ഇ.ജി.എസ്. | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1 സനാഥ ഗമ്യ ശ്രീ | ICDS | 1,00,000 | 0 | 0 | 0 | 0 | 1,00,000 |
| 2 നിത്യരോഗികളുടെ പരിചരണം | MO | 5,67,150 | 0 | 0 | 0 | 0 | 5,67,150 |
| 3 അഗതി ആശ്രയ പദ്ധതി | AS | 0 | 54,00,000 | 2,00,000 | 0 | 0 | 56,00,000 |
| 4 ഭക്ഷണം നൽകൽ | AS | 0 | 5,00,000 | 0 | 0 | 0 | 5,00,000 |
| **ആകെ** | | **6,67,150** | **59,00,000** | **2,00,000** | **0** | **0** | **67,67,150** |

**പട്ടിക 63.2.7: ശുചിത്വം കുടിവെള്ളം**

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥർ | ടി.എസ്.പി. | ആകെ |
|---|---|---|---|
| 1 കിണർ നിർമ്മാണം | AE | 1,40,000 | 1,40,000 |
| 2 ആ വയൽ പടവയൽ | AE | 33,000 | 33,000 |
| * ശ്മശാനം മതിൽ കെട്ട് | AE | 5,00,000 | 5,00,000 |
| * ചീനപുല്ല് കോളനി റോഡ് ഡ്രൈനേജ് | AE | 3,90,000 | 3,90,000 |
| * മണങ്ങുവയൽ ഡ്രൈനേജ് | AE | 3,00,000 | 3,00,000 |
| * കറുത്തൻ കാലാ റോഡ് ഡ്രൈനേജ് | AE | 3,40,000 | 3,40,000 |
| * കക്കൂസ് നിർമ്മാണം | VEO | 24,000 | 24,000 |
| **ആകെ** | | **17,27,000** | **17,27,000** |

**പട്ടിക 63.2.8: പശ്ചാത്തലം**

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥർ | ടി.എസ്.പി. | ആകെ |
|---|---|---|---|
| 1. അണ്ണാവയൽ ശ്മശാനം റോഡ് | AE | 10,00,000 | 10,00,000 |
| 2. പൊതയൻ കോളനി റോഡ് | AE | 3,90,000 | 3,90,000 |
| 3. ഒലിവയൽ പണിയ കോളനി റോഡ് | AE | 0 | 0 |
| 4. മാനികാവ് നായ്ക്ക കോളനി | AE | 3,90,000 | 3,90,000 |
| 5. ആൂക്കാലി കോളനി നടപ്പാത | AE | 4,90,000 | 4,90,000 |
| 6. മടൂർ കാട്ടുനായ്ക്ക കോളനി റോഡ് | AE | 3,90,000 | 3,90,000 |
| 7. വെള്ളിത്തോട് നായ്ക്ക കോളനി റോഡ് | AE | 3,90,000 | 3,90,000 |
| 8. വെള്ളിത്തോട് കുറുമ കോളനി റോഡ് | AE | 2,90,000 | 2,90,000 |
| 9. ആവയൽ കോളനി റോഡ് | AE | 4,90,000 | 4,90,000 |
| 10. കരിമം കനാൽ റോഡ് | AE | 2,90,000 | 2,90,000 |
| 11. ആലമൂല കോളനി റോഡ് | AE | 14,00,000 | 14,00,000 |
| 12. മടൂർ റോഡ് | AE | 4,40,000 | 4,40,000 |
| 13. നെല്ലികുണ്ടം പണിയ കോളനി റോഡ് | AE | 90,000 | 90,000 |
| 14. നെല്ലികുണ്ടം കുറുമ കോളനി റോഡ് | AE | 40,000 | 40,000 |
| 15. ആവയൽ കോളനി നടപ്പാത | AE | 1,90,000 | 1,90,000 |
| 16. കുഴിവയൽ റോഡ് | AE | 2,90,000 | 2,90,000 |
| 17. പടവയൽ കോളനി റോഡ് | AE | 1,90,000 | 1,90,000 |
| 18. പടവയൽ പാലം | AE | 4,90,000 | 4,90,000 |
| 19. കുളം ചാൽ വാട്ടർ ടാങ്ക് നടപ്പാത | AE | 1,90,000 | 1,90,000 |
| 20. കുണ്ടുവയൽ കോളനി നടപ്പാത | AE | 3,90,000 | 3,90,000 |
| 21. കണ്ണിക്കര മാതമൂല റോഡ് | AE | 2,40,000 | 2,40,000 |
| 22. മുണ്ടകൊല്ലി കോളനി  നടപ്പാത | AE | 2,40,000 | 2,40,000 |
| 23. മൈലമ്പാടി പണിയകോളനിനടപ്പാത | AE | 2,90,000 | 2,90,000 |
| 24. വേങ്ങൂർ വാഴക്കണ്ടി കോളനി നടപ്പാത | AE | 2,90,000 | 2,90,000 |
| **ആകെ** | | **88,90,000** | **88,90,000** |